# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കുറുവ ഗ്രാമപഞ്ചായത്ത്

## 2017-18

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എം.പി.എം.11/2425/18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി. 07/11/2018

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ്,

(സെക്രട്ടറി മുഖേന)

കുറുവ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുറുവ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറുവ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം
4)കാര്യാലയ പകർപ്പ്

എബികെ

നം കെ.എസ്.എ.എം.പി.എം.11/2425/2018

തിയ്യതി:07/11/2018

## മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14-6-2017 മുതൽ 10-9-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ. എസ്. ഷാജഹാൻ,

ഡെപ്യൂട്ടി ഡയറക്ടർ.

------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 11-09-2018 മുതൽ 24-09-2018വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. പി.ഉണ്ണി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ. മൂസ.ഇ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ. സന്തോഷ്.പി | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഷജീർ.കെ | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. യൂസഫ് മുല്ലപ്പള്ളി | 01/04/2017മുതൽ – 31/03/2018വരെ |

സെക്രട്ടറി

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.ഹബീബ്.വി.എച്ച്. | 01/04/2017മുതൽ14.06.17വരെ |
| | ശ്രീ. ഉണ്ണികൃഷ്ണൻ ആർ.പി. | 15/06/2017മുതൽ31/03/2018വരെ |

മറ്റു നിർവഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | ശ്രീമതി.ആനിയമ്മ ജോർജ് | 01/04/2017മുതൽ15 /06/2017വരെ |
| | ഒഴിവ് | 16/06/2017മുതൽ6.09.17വരെ |
| | ശ്രീ.മുഹമ്മദ് ബഷീർ.എ | 7/09/2017മുതൽ31 /03/2018വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി. സുബൈദ | 01/04/2017മുതൽ 31/03/2018വരെ |
| അസി.എഞ്ചിനീയർ | ശ്രീ.സന്തോഷ് കുമാർ.ആർ. | 01/04/2017മുതൽ 28/10/2017വരെ |
| | ശ്രീ.അനിൽ കുമാർ.ആർ. | 29/10/2017മുതൽ 31/03/2018വരെ |
| വെറ്ററിനറി സർജൻ | ഡോ.സൈഫുദ്ധീൻ.പി. | 01/04/2017മുതൽ 31/03/2018വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി.മിനി.കെ.പി. | 01/04/2017മുതൽ 31/03/2018വരെ |
| മെഡിക്കൽഓഫീസർ (പി.എച്ച്.സി.) | ഡോ.പ്രസന്നകുമാർ. | 01/04/2017മുതൽ 31/03/2018വരെ |
| മെഡിക്കൽഓഫീസർ-(ഹോമിയോ) | ഡോ.സുമയ്യ.പി. | 01/04/2017മുതൽ 31/03/2018വരെ |
| വി.ഇ.ഒ | ശ്രീമതി.ഉഷാദേവി.കെ. | 01/04/2017മുതൽ 31/03/2018വരെ |
| കൃഷി ഓഫീസർ | ശുഹൈബ് തൊട്ടിയൻ | 01/04/2017മുതൽ 31/03/2018വരെ |
| ഡി.ഇ.ഒ | ശ്രീമതി.നസീമ.കെ. | 01/04/2017മുതൽ 31/03/2018വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |

| | | |
|---|---|---|
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 12 | വസ്തു നികുതി നികുതി 18,57,098 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു | 2-1 |
| 13 | വസ്തു നികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല. | 2-2 |
| 14 | ഒരു സ്ഥാപനത്തിന് മാത്രം വാടക വർദ്ധനവ് വരുത്തിയിട്ടില്ല. | 2-3 |
| 15 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-4 |
| 16 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. | 2-5 |
| 17 | ക്യാഷ് ഇടപാടുകൾ സെക്രട്ടറി പരിശോധന നടത്തിയിട്ടില്ല | 2-6 |
| 18 | ലൈസൻസ്- അപാകതകൾ | 2-7 |
| 19 | സാംഖ്യ രസീതി സ്റ്റോക്ക് കൃത്യമായി രേഖപ്പെടുത്തുന്നില്ല. | 2-8 |
| 20 | തൊഴിൽ നികുതി രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല | 2-9 |
| 21 | തൊഴിൽ നികുതി റിട്ടേണുകൾ നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല. | 2-10 |
| 22 | ഇ – ടെണ്ടർ; ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല | 2-11 |
| 23 | ബജറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിക്കാത്തത് | 2-12 |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 24 | ചെയ്യാത്ത പ്രവൃത്തികൾക്ക് തുക നൽകി | 3-1 |
| 25 | പൊതു മരാമത്ത് പ്രവൃത്തികൾ; അവലോകനം` | 3-2 |
| 26 | കുടുംബശ്രീ ഉൽപന്ന വിപണന കേന്ദ്രം - 32 ലക്ഷം രൂപ ചെലവഴിച്ചിട്ടും പ്രവർത്തനക്ഷമമായില്ല | 3-3 |
| 27 | അസിസ്റ്റന്റ് എഞ്ചിനീയർ - രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 3-3 |
| 28 | എസ് സി മേഖലയിലെ പദ്ധതികൾ: ആവശ്യകത തിരിച്ചറിയുന്നതിലും മുൻഗണനാ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിലുമുള്ള അപാകതകൾ | 3-4 |
| 29 | ശമ്പള പരിഷ്കരണ കുടിശ്ശിക കൈപ്പറ്റി ആനുപാതികമായ പെൻഷൻ അംശദാനം അടവാക്കിയില്ല. | 3-5 |
| 30 | രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 3-6 |
| 31 | ഔഷധസസ്യ മാതൃകാ പ്രദർശനത്തോട്ടം-സമാന സംരഭങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. | 3-7 |
| 32 | കാർഷികമേഖലയിൽ മോണിറ്ററിംഗ് ശക്തിപ്പെടുത്തണം | 3-8 |

| | | |
|---|---|---|
| 33 | ഗാർഹിക കുടിവെള്ള കണക്ഷൻ സംബന്ധിച്ച് | 3-9 |
| 34 | ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി സംബന്ധിച്ച് | 3-10 |
| 35 | മിനി ഡയറി യൂനിറ്റ് ആധുനികവൽക്കരണം -അപാകതകൾ | 3-11 |
| 36 | മൂർക്കനാട് കുടിവെള്ള പദ്ധതി -പൂർത്തീകരണവിവരം/വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 3-12 |
| 37 | പാർട്ട് ബിൽ നൽകിയ പ്രവൃത്തികളിൽ നിന്ന് റിട്ടൻഷൻ തുക ഈടാക്കിയില്ല | 3-13 |
| 38 | വൃദ്ധർക്ക് കട്ടിൽ വിതരണം - മേഖലയിലെ മുൻഗണനയും പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കാതെ പ്രോജക്ട് രൂപീകരിച്ചു | 3-14 |
| 39 | മരുന്ന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-15 |
| 40 | പ്ലാസ്റ്റിക് മാലിന്യം സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും വ്യവസായ പ്ലോട്ടിൽ ഷെഡ് നിർമ്മാണം - യൂണിറ്റ് പ്രവർത്തനക്ഷമമായില്ല | 3-16 |
| ഭാഗം- 4 | | |
| 41 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 42 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 44 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 45 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 48 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-8 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 51 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം |
| 52 | Audited Abstract | അനുബന്ധം |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | |
|---|---|
| 2017-18 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | 1, 28.03.2017 |
| 2017-18 ലെ പുതുക്കിയ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | 1, 28.03.2018 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2017-18 | 31-07-2018 | 11-05-2018 | - | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 11.06.18, 12.06.18 | കെ.എസ്.എ.എം.പി.എം.11/1184/2018 തിയതി 04.07.2018 |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 34531560 |
| വരവ് | 85617967 |
| ആകെ | 120149527 |
| ചെലവ് | 82000815 |
| നീക്കിയിരിപ്പ് | 3814871 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | OB | വരവ് | ആകെ | ചെലവ് | CB |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 23317000 | 23317000 | 22466860 | 850140 |
| വികസന ഫണ്ട് എസ്.സി.പി | 0 | 4971961 | 4971961 | 3432675 | 1539286 |
| മെയിന്റനൻസ്, റോഡ് | 0 | 47981 | 47981 | 20000 | 27981 |
| മെയിന്റനൻസ്, നോൺ റോഡ് | 0 | 9992000 | 9992000 | 9895240 | 96760 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 5159000 | 5159000 | 4480020 | 678980 |
| കെ.എൽ.എസ്.ജി.ഡി.പി. | 0 | 10950158 | 10950158 | 10937094 | 13064 |
| ട്രഷറി ടി.എസ്.ബി. (ജനറൽ പർപ്പസ്) | 17526006 | 17051304 | 34577310 | 13289020 | 21288290 |
| എ.എൻ.ആർ.ഇ.ജി.എസ് (ഭരണ ചെലവ്) | 105435 | 886643 | 992078 | 951484 | 40594 |

| | | | | | |
|---|---|---|---|---|---|
| എ.എൻ.ആർ.ഇ.ജി.എസ് (തൊഴിലാളികളുടെ കൂലി) | 0 | 14146000 | 14146000 | 14146000 | |
| എസ്.ബി.റ്റി. ടോട്ടൽ സാനിറ്റേഷൻ | 1325911 | 198029 | 1523940 | 0 | 1523940 |
| എസ്.ബി.റ്റി. എസ്എസ്എ | 275768 | 10271 | 286039 | 0 | 286039 |
| SBT Plan | 1535425 | 0 | 1535425 | 649 | 1534776 |
| തനത് ഫണ്ട് ബാങ്ക് | 13340850 | 12560635 | 25901485 | 12093619 | 13807866 |
| SBT – OAP | 19473 | 725 | 20198 | - | 20198 |
| ബി ഫണ്ട് | - | 54610702 | 54610702 | 54610702 | -- |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 246 | 103507472 | 164 | 66206608 | 0 | 82 | 66.6 |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 105435 | 886643 | 992078 | 951484 | 40594 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 14146000 | 14146000 | 14146000 | 0 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 18360 | 31 |
| കർഷകതൊഴിലാളി വേതനം | 4149500 | 373 |

| | | |
|---|---|---|
| വിധവാപെൻഷൻ | 19223600 | 1674 |
| വാർദ്ധക്യകാലപെൻഷൻ | 24564500 | 2035 |
| വികലാംഗപെൻഷൻ | 5758700 | 541 |
| വിവാഹ ധനസഹായം | 420000 | 14 |
| 50 വയസ്സിനു മുകളിൽ.....സഹായം | 414100 | 39 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന11-9-2018 തിയ്യതിയിൽ 10.30 AM ന് നടത്തി. അതാതു ദിവസത്തെ കളക്ഷൻ അതാതു ദിവസം തന്നെ അടവാക്കുന്നതിനാൽ ബാലൻസ് തുക ഉണ്ടായിരുന്നില്ല.

## 1-10 ആഭ്യന്തരനിയന്ത്രണം.

പേഴ്സണൽ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ഓരോ സെക്ഷനിലും ലഭിക്കുന്ന തപാലുകളിൽ നടപടിയെടുത്തതിന്റെ യാതൊരു വിവരവും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സേവനാവകാശ നിയമപ്രകാരമുള്ള കാലയളവിൽ തപാലുകൾ ഡിസ്പോസ് ചെയ്യുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥൻ പരിശോധിക്കുന്നില്ല. ചില സെക്ഷനുകൾ ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിൽ ഒപ്പ് വെച്ചിട്ടില്ല. സെക്രട്ടറി പ്രസ്തുത കാര്യങ്ങൾ പരിശോധന നടത്തുകയും ചെയ്യുന്നില്ല.

ജോലി വിഭജനം കൃത്യമായി നടത്തിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്കിടയിൽ ജോലി വിഭജനം കൃത്യമായി നടത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന പണപ്പിരിവ്, ഡെപ്പോസിറ്റ്, പിൻവലിക്കൽ എന്നിവ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിന് ഓഫീസ് ഉത്തരവ് പ്രകാരം ആരെയും ചുമതലപ്പെടുത്തിയിട്ടില്ല.

വരവിനങ്ങളിൽ സൂക്ഷ്മത പാലിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയിൽ നിന്നുണ്ടായിട്ടില്ല. നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ല.

അക്കൗണ്ടുകൾ റീകൺസിലിയേഷൻ നടത്തുന്നില്ല.

അക്കൗണ്ടുകൾ ഓരൊ മാസവും റീകൺസിലിയേഷൻ നടത്തുന്നില്ല. ഗ്രാമ പഞ്ചായത്തിന്റെ ധനകാര്യ രേഖകളും പത്രികകളും സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകളെ ശരിയായ വിധത്തിൽ പ്രതിനിധാനം ചെയ്യുന്നില്ല. ക്രമീകരണ ജേണൽ എൻട്രികൾ പരിശോധിക്കപ്പെടുന്നില്ല.

പണമിടപാടുകൾ പരിശോധിക്കപ്പെടുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന പണപ്പിരിവ്, ഡെപ്പോസിറ്റ്, പിൻവലിക്കൽ എന്നിവ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിന് ഓഫീസ് ഉത്തരവ് പ്രകാരം ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ആയത് ദിനേന പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | | | |
|---|---|---|---|
| | നടത്തിയ തിയ്യതി | | തിയ്യതി |
| പെർഫോമൻസ് ഓഡിറ്റ് | 16/07/2018 | 01/06/2018 മുതൽ 30/06/2018 വരെ | 17.07.2018 |
| എ.ജി ഓഡിറ്റ് | 07.07.2008 മുതൽ 19.07.2008വരെ | 1997-98 മുതൽ 2007-08 വരെ | 29.08.2008 |

## 1-12 വാർഷിക ധനകാര്യ പത്രിക പരിശോധന കുറിപ്പുകൾ

1. തൊഴിൽ നികുതി, ബിൽഡിങ്ങ് പെർമിറ്റ്, ബിൽഡിങ്ങ് റെഗുലറൈസേഷൻ, വാടക, D&O ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

2. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7ലെ തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്താനായിട്ടില്ല.

3. അഡ്വാൻസ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18ലെ തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്താനായിട്ടില്ല.

4. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS) ഇനത്തിലെ യഥാർത്ഥ വരവ് 13591094 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം തുക 15097484 രൂപയാണ്.

5. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വികസന ഫണ്ട് ചെലവ് 22466860 രൂപയും, മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ആകെ ചെലവ് 4480020 രൂപയും ആണ്. എന്നാൽ വാർഷിക കണക്കിൽ തുക യഥാക്രമം 22865861 രൂപ, 4081019 രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

7. ബാങ്ക് ബുക്കുകളിൽ മാസാന്ത റീ കൺസിലിയേഷൻ നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8. പഞ്ചായത്ത് നൽകിയിട്ടുള്ളതും മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചുവടെ കാണിച്ച ചെക്കുകൾ Liability in respect of state cheques എന്ന ഷീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| അക്കൗണ്ട് | ചെക്ക് നമ്പർ | തുക |
|---|---|---|
| | 641051/30.8.2017 | 50000 |
| 4039 പാങ്ങ് സർവ്വീസ് സഹകരണ ബാങ്ക് | ------/30.8.2017 | 45000 |
| ,, | 2013213711/31.3.2016 | 2100 |
| ,, | 900774/9.5.2013 | 500 |

9. വിവിധ പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകകൾ, ബന്ധപ്പെട്ട ഏജൻസികളിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയ സാക്ഷ്യപത്രം എന്നിവ ലഭിക്കുന്നതിന് മുമ്പ് തന്നെ അവ ആസ്തിയാക്കി മാറ്റിയാണ് വാർഷിക കണക്കിൽ ഉൾപെടുത്തിയിട്ടുള്ളത്. ഇത്തരം തുകകൾ അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ് എന്ന ശീർഷകത്തിലാണ് ചെലവ് കാണിക്കേണ്ടത്. പ്രൊജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് | തുക | ഫണ്ട് |
|---|---|---|---|
| സെക്രട്ടറി | 10/18 വ്യവസായ പ്ലോട്ട് വൈദ്യുതീകരണം | 1824702 | പദ്ധതി വിഹിതം |

| | | | |
|---|---|---|---|
| „ | 128/18 മൂർഡക്കനാട് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 982120 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| „ | 129/18 കുറുവ ഗ്രാമീണ ശുദ്ധജല പദ്ധതി പമ്പ് സെറ്റ് സ്ഥാപിക്കൽ | 1000000 | „ |
| „ | 272/18 സമ്പൂർണ്ണ വൈദ്യുതീകരണം വിഹിതം നൽകൽ | 1000209 | തനത് ഫണ്ട് |
| „ | 279/18 കുറുവ ഗ്രാമീണ ശുദ്ധജല പദ്ധതി പമ്പ് സെറ്റ് സ്ഥാപിക്കൽ | 3571000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

10. വിവിധ ബാങ്ക് / ട്രഷറി അക്കൗണ്ടുകളിലെ നീക്കി ബാക്കി തുകകൾ ചുവടെ കാണും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| അക്കൗണ്ട് | പാസ് ബുക്ക് പ്രകാരം തുക | റീ കൺസിലിയേഷൻ പത്രിക പ്രകാരം പാസ് ബുക്ക് നീക്കിയിരിപ്പ് | കുറിപ്പ് |
|---|---|---|---|
| NO: 9039 പാങ്ങ സർവ്വീസ് സഹകരണ ബാങ്ക് | 12881237 | 12881192 | |
| ട്രഷറി ടി.എസ്. ബി അക്കൗണ്ട് | 3836968 | 3314656 | |

11. സംയുക്ത പ്രൊജക്ടുകൾക്കുള്ള ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക (-) 595746 രൂപയാണ്. എന്നാൽ ട്രഷറി സ്ലോൾ പ്രകാരം തുക 64254 രൂപയാണ്.

12. സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമാക്കിയ വസ്തു നികുതി പിരിവ് സംബന്ധിച്ച പത്രികയിലെ തുകകളും വാർഷിക ധനകാര്യ പത്രികയിലെ തുകകളും തമ്മിൽ ചുവടെ കാണും പ്രകാരംവ്യത്യാസപ്പെട്ടിരിക്കുന്നു.

| തൻവർഷം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ പ്രകാരം | 5713592 | 4930391 | 616924 |
| AFS പ്രകാരം | 5465549 | 4797798 | 701140 |
| കുടിശ്ശിക | | | |
| സഞ്ചയ പ്രകാരം | 4543109 | 3415236 | 1238045 |
| AFS പ്രകാരം | 3965139 | 3228584 | 1133580 |

12. പിരിഞ്ഞ് കിട്ടാനുള്ള വസ്തു നികുതിയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

13. വെറ്ററിനറി സർജൻ, ഹെഡ് മാസ്റ്റർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥൻമാർ TR7A കാഷ് ബുക്ക് ഉപയോഗിക്കുന്നില്ല.

14. അസി. എഞ്ചിനീയർ, ICDS സൂപ്പർവൈസർ, VEO, മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) എന്നീ നിർവ്വഹണ ഉദ്യോഗസ്ഥൻമാർ സബ്സീഡിയറി കാഷ് ബുക്ക് ഉപയോഗിക്കുന്നില്ല.

15. വാർഷിക ധനകാര്യ പത്രികയോടൊപ്പം കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരം ഉൾപെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ, നോട്സ് ഓൺ അക്കൗണ്ട് എന്നിവ ഉൾപെടുത്തിയിട്ടില്ല.

16. ആസ്തി രജിസ്റ്റർ കാലികമാക്കി പ്രിന്റെടുത്ത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

17. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 3 പ്രവൃത്തികൾക്ക് പാർട്ട് ബിൽ നൽകിയിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ 'കാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ' എന്ന ഹെഡിൽ പ്രസ്തുത വിവരം രേഖപ്പെടുത്തിയിട്ടില്ല.

18. മുൻ വാർഷിക കണക്കുകളിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി 18,54,969 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

ഗ്രാമ പഞ്ചായത്തിന്റെ പ്രധാന തനതുവരുമാനമായ വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ 2017-18 വർഷത്തിൽ സ്ഥാപനം വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല.2017-18 വർഷാവസാനത്തിൽ മുൻ വർഷ കുടിശ്ശിക ഉൾപ്പെടെ 18,54,969 രൂപ പിരിച്ചെടുക്കാനുണ്ട്. അപാകത സൂചിപ്പിച്ച് നൽകിയ എൻക്വയറി (നം-8/19.9.2018 ) ക്ക് സെക്രട്ടറി നൽകിയ മറുപടിയിൽ , പ്രസ്തുത കാലയളവിൽ ജീവനക്കാരുടെ കുറവ് മൂലമാണ് പൂർണ്ണമായി പിരിച്ചെടുക്കാൻ സാധിക്കാതിരുന്നതെന്ന് അറിയിച്ചു. വസ്തു നികുതി കുടിശ്ശിക ഉൾപ്പെടെ പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ വസ്തു നികുതി പരിഷ്കരണം നാളിതുവരെ പൂർത്തിയായിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടേയും വിവരം ശേഖരിച്ച് ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ടെങ്കിലും ആയത് കൃത്യമല്ല. പല കെട്ടിടങ്ങളുടേയും വിവരം ആവർത്തിച്ച് വരുന്നതിനാൽ നിലവിലെ വസ്തുനികുതി ഡിമാന്റ് യഥാർത്ഥ ഡിമാന്റിനേക്കാൾ കൂടുതലാണ്. കൂടാതെ നിലവിൽ പൊളിച്ച് മാറ്റപ്പെട്ട കെട്ടിടങ്ങൾ പൂർണ്ണമായി ഡിമാന്റിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ല. പ്രസ്തുത അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതകാണ്.

## 2-3 ഒരു സ്ഥാപനത്തിന് മാത്രം വാടക വർദ്ധനവ് വരുത്തിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ രണ്ട് മുറികളിലായി പ്രവർത്തിക്കുന്ന കുറവ പ്രിന്റിങ് വർക്സ് &കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിന് മാത്രം 2017-18 വർഷത്തിൽ വാടക വർദ്ധനവ് വരുത്തിയിട്ടില്ല. കെട്ടിടത്തിലെ മറ്റു സ്ഥാപനത്തിനെല്ലാം വാടകയിൽ 5 % വാർഷിക വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഇപ്രകാരം ഒരു സ്ഥാപനത്തിന് മാത്രം ഇളവ് നൽകുന്നതിന് പ്രത്യേക തീരുമാനങ്ങളൊന്നും ഭരണ സമിതി എടുത്തിട്ടില്ല. ഈ ഇനത്തിൽ 2448 രൂപ (102 x 12 x2) നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അപാകത സൂചിപ്പിച്ച് നൽകിയ എൻക്വയറി (നം-10/19.9.2018 ) ക്ക് സെക്രട്ടറി നൽകിയ മറുപടിയിൽ ആയത് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 2-4 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി (നം-10/19.9.2018 ) ക്ക് സെക്രട്ടറി നൽകിയ മറുപടിയിൽ ആയത് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | ബി.എസ്.എൻ.എൽ, പാങ്ങ് | 2017-18 ഒന്ന് |
| 2. | എ.എൽ.പി. സ്കൂൾ, പാങ്ങ് വെസ്റ്റ് | 2017-18 ഒന്ന് |

| | | |
|---|---|---|
| 3. | വനിത സഹകരണ സംഘം, കുറുവ | 2017-18 ഒന്ന് |

## 2-5 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.സ്ഥാപന തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മാവേലി സ്റ്റോർ | 2017-18 രണ്ട് |
| 3 | എസ്.ബി.ഐ. പാങ്ങ് | 2017-18 ഒന്നും രണ്ടും |
| 4 | മക്കരപ്പറമ്പ് സർവ്വീസ് സഹകരണ ബാങ്ക്, പരവക്കൽ | 2017-18 ഒന്ന് |

സ്ഥാപന തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി (നം-10/19.9.2018 ) ക്ക് സെക്രട്ടറി നൽകിയ മറുപടിയിൽ ആയത് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 2-6 ക്യാഷ് ഇടപാടുകൾ സെക്രട്ടറി പരിശോധന നടത്തിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ 2017-18 ലെ ക്യാഷ്ഇടപാടുകൾ സെക്രട്ടറി കൃത്യമായി പരിശോധന നടത്തിയിട്ടില്ല. ക്യാഷ് ബുക്ക് പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടുണ്ടെങ്കിലും, സെക്രട്ടറി ഒപ്പ് വെച്ച് ഓഡിറ്റിന് ഹാജറാക്കിയ ചില ദിവസങ്ങളിലെ (ഉദാഹരണങ്ങൾ താഴെ ചേർത്തിരിക്കുന്നു) ക്യാഷ് ബുക്കുകളിലെ ദിവസ കളക്ഷൻ തെറ്റാണ്. ആയത് പരിശോധിക്കാതെയാണ് സെക്രട്ടറി ഒപ്പ് വെച്ചിരിക്കുന്നത്. ഒരു ദിവസത്തെ പണമിടപാടുകൾ അവസാനിക്കുന്നതിന് മുമ്പ് ക്യാഷ് ബുക്ക് പ്രിന്റ് എടുത്ത് സൂക്ഷിച്ചത് കൊണ്ടാണ് തെറ്റ് സംഭവിച്ചിരിക്കുന്നത്. യഥാർത്ഥ കളക്ഷൻ ബാങ്കിൽ അടവാക്കിയിട്ടുണ്ടെങ്കിലും , പ്രധാനപ്പെട്ട വസ്തുതകൾ സൂക്ഷ്മ പരിശോധന നടത്താതെ സെക്രട്ടറി ഒപ്പ് വെക്കുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

| തിയ്യതി | ഹാജറാക്കിയ ക്യാഷ് ബുക്ക് പ്രകാരമുള്ള കളക്ഷൻ | യഥാർത്ഥ കളക്ഷൻ |
|---|---|---|
| 26.09.2017 | 25146 | 19968 |
| 7.10.2017 | 8674 | 9899 |
| 10.10.2017 | 26976 | 27360 |
| 15.12.2017 | 30849 | 31947 |

## 2-7 ലൈസൻസ്- അപാകതകൾ

1. താഴെ സൂചിപ്പിക്കുന്ന ലൈസൻസ് അപേക്ഷകർക്ക് സാനിറ്ററി സർട്ടിഫിക്കറ്റ് ഹാജറാക്കാതെ ലൈസൻസ് അനുവദിച്ചു. അപേക്ഷയോടൊപ്പം സാനിറ്ററി സർട്ടിഫിക്കറ്റ് ഹാജറാക്കാൻ നിർദ്ദേശം നൽകേണ്ടതാണ്.

| ക്രമ നം | അപേക്ഷാ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസി |
|---|---|---|---|
| 1. | 56 | സി.ടി.സമൂസ കമ്പനി | മുജീബ് റഹ്മാൻ ചാപ്പനങ്ങാടി |

| | | | |
|---|---|---|---|
| 2. | 62 | സി.പി. ബേക്കറി & കൂൾ ബാർ | അഷാറഫ്. സി.പി. |
| 3. | 146 | സമൂസ കമ്പനി | യൂസഫ് പഴേടത്ത് |
| 4. | 164 | ഇംഗ്ലീഷ് ബേക്കറി & കൂൾബാർ | ഷംസുദ്ധീൻ തോട്ടോളി |
| 5. | 245 | പി.എം.ആർ.ഫുഡ് പ്രോഡക്ക്സ് | അബ്ദുൽ ലത്തീഫ് മുല്ലപ്പള്ളി |
| 6. | 269 | അമൃതം ന്യൂട്രിമിക്സ് | സുബൈത കളത്തിങ്ങൽ |

2. 2017-18 വർഷത്തെ ഭൂരിഭാഗം അപേക്ഷകളിലും ദിവസ വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല.

3.ഭൂരിഭാഗം അപേക്ഷകളിലും അപേക്ഷയെ കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട് ഇല്ല. അപേക്ഷയെ കുറിച്ച് അന്വഷണം നടത്തേണ്ടതും റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

4. ഭൂരിഭാഗം അപേക്ഷകളിലും പ്ലാസ്റ്റിക്-സ്ഥല നാമ സാക്ഷ്യപത്രം ഇല്ല.

5.ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ടതായ എല്ലാ സ്ഥാപനങ്ങളും ഉൾക്കൊള്ളുന്ന സ്ഥാപന രജിസ്റ്റർ പൂർത്തിയായിട്ടില്ല.

## 2-8 സാംഖ്യ രസീതി സ്റ്റോക്ക് കൃത്യമായി രേഖപ്പെടുത്തുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ ഉപയോഗിക്കുന്ന സാംഖ്യ രസീതികളുടെ വിവരം കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ സാംഖ്യ രസീതി ഇഷ്യൂ ചെയ്തതായി കാണിക്കുന്നുണ്ടെങ്കിലും 22.10.2016 മുതലുള്ള ബാലൻസ് രസീതികളുടെ വിവരം രജിസ്റ്ററിലില്ല. ബാലൻസ് കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആയത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്. അപാകത സൂചിപ്പിച്ച് നൽകിയ എൻക്വയറി (നം-12/19.9.2018 ) ക്ക് സെക്രട്ടറി നൽകിയ മറുപടിയിൽ ആയത് പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

## 2-9 തൊഴിൽ നികുതി രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല

2017-18 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല. ഒന്നാം അർദ്ധ വർഷത്തിൽ തൊഴിൽ നികുതി അടവാക്കിയ എല്ലാ ജീവനക്കാരുടെയും പേരുകൾ, അർദ്ധ വാർഷിക വരുമാനം, ഈടാക്കിയ നികുതി എന്നിവ രജിസ്റ്ററിൽ എഴുതി ചേർത്തിട്ടില്ല. ഡിമാന്റ് രജിസ്റ്റർ പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതും മേലിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## 2-10 തൊഴിൽ നികുതി റിട്ടേണുകൾ നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല.

2017-18 ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേണുകൾ നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല. ഒന്നാം അർദ്ധ വർഷത്തെ ചില റിട്ടേണുകൾ ഫയലിൽ ഇല്ല. റിട്ടേണുകൾ നമ്പറിട്ട് ഓഡിറ്റിനെ അറിയിക്കേണ്ടതും മേലിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## 2-11 ഇ – ടെണ്ടർ; ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല

ഓഡിറ്റ് വർഷം ഇ – ടെണ്ടർ മുഖേന അസിസ്റ്റന്റ് എഞ്ചിനീയർ വിവിധ മരാമത്ത് പ്രവൃത്തികൾക്കും ഹെഡ്മാസ്റ്റർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, അസിസ്റ്റന്റ് സെക്രട്ടറി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ വിവിധ പർച്ചേസുകൾക്കും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. നിലവിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് എക്സിക്യൂട്ടീവ്

എഞ്ചിനീയറുടെ ജില്ലാ പഞ്ചായത്തിലുള്ള അക്കൗണ്ടിലാണ് ടെണ്ടർ ഫോം വില കരാറുകാർ അടവാക്കുന്നത്. ഈ തുക ഗ്രാമ പഞ്ചായത്തിന് ലഭ്യമാവുന്നതിന് ഗ്രാമ പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പ്രസ്തുത തുക തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും ഗ്രാമ പഞ്ചായത്തിന് ലഭ്യമാവേണ്ട വരുമാനം നഷ്ടമാവുന്നില്ല എന്ന് ഉറപ്പ് വരുത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

സ.ഉ.(സാധാ)3186/17 ത.സ്വ.ഭ.വ. തിയതി 02.10.17 നമ്പർ ഉത്തരവ് പ്രകാരം ഈ ടെണ്ടർ വഴിയുള്ള ടെണ്ടർ ഫോം വില സ്വീകരിക്കുന്നതിനായി ഒരു അക്കൗണ്ട് തുടങ്ങുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്.

ഈ ടെണ്ടർ മുഖേന നിർവ്വഹിച്ച ഏതാനും ചില മരാമത്ത് പ്രവൃത്തികളും അവയുടെ ടെണ്ടർ ഫോം വിലയും ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അടങ്കൽ | ലഭ്യമായ ടെണ്ടറുകൾ | ടെണ്ടർഫോം വില | ആകെ |
|---|---|---|---|---|
| പ്ലാസ്റ്റിക് മാലിന്യം സംസ്കരിക്കുന്നതിനും സംഭരിക്കുന്നതിനും വ്യവസായ പ്ലോട്ടിൽ ഷെഡ് നിർമ്മാണം (217/18) | 1500000 | 5 എണ്ണം | 2500 | 12500 |
| വ്യവസായ പ്ലോട്ടിൽ ചുറ്റുമതിൽ നിർമ്മാണം (270/18) | 2374350 | 4 എണ്ണം | 2500 | 10000 |
| പാങ് PHC നവീകരണം (206/18) | 500000 | 4 എണ്ണം | 1000 | 4000 |
| വി.പി.പടി അംഗൻവാടി കെട്ടിട നവീകരണം (153/18) | 1000000 | 5 എണ്ണം | 2500 | 12500 |
| പാങ്ങ് GLP സ്കൂൾ നവീകരണം (226/18) | 600000 | 4 എണ്ണം | 1200 | 4800 |

16/22.9.2018 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് പ്രസ്തുത തുക ജില്ലാ പഞ്ചായത്തിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 2-12 ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിക്കാത്തത്

ബഡ്ജറ്റ് തയ്യാറാക്കലുമായി ബന്ധപ്പെട്ട് അടുത്ത വർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റ് നർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് ബന്ധപ്പെട്ട് സ്റ്റാൻഡിംഗ് കമ്മറ്റികൾ റിപ്പോർട്ട് തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുണ്ട്. ഓരോ വർഷവും ജനുവരി 15ാം തിയതിക്കു മുമ്പായി സമർപ്പിക്കപ്പെടുന്ന ഇത്തരം നിർദ്ദേശങ്ങളും നിയമത്തിലെ എല്ലാ ആവശ്യങ്ങളും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പഞ്ചായത്തിന്റെ അടുത്തവർഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കി മാർച്ച് മാസം കഴിയുന്നതിന് മുമ്പായി ഭരണ സമിതിയുടെ പ്രത്യേകം വിളിച്ച് ചേർത്ത യോഗത്തിൽ അംഗീകാരത്തിനായി വെയ്ക്കാനും നിയമത്തിൽ നിർദ്ദേശിക്കുന്നുണ്ട്.

മിനിട്സുകൾ പരിശോധിച്ചതിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ ഘടകസ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർക്കുകയോ സെക്രട്ടറിയും ഘടകസ്ഥാപന മേധാവികളും നോൺ പ്ലാൻ നിർദ്ദേശങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റികൾക്ക് കൈമാറുകയോ ചെയ്തിട്ടില്ലായെന്ന് കാണുന്നു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 15.02.2017 ലെ യോഗമിനുട്സിൽ ബഡ്ജറ്റ് നിർദ്ദേശങ്ങൾ അവതരിപ്പിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നിർദ്ദേശങ്ങളെന്താണെന്നോ ആയത് പരിശോധിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്ക് കൈമാറിയതായോ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വികസനകാര്യ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റികൾ അതാത്

മേഖലകളിലെ വിഷയങ്ങളുമായി ബന്ധപ്പെട്ട സ്ഥാപന മേധാവികളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് വാർഷിക ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയെ സഹായിക്കുകയെന്ന നിയമപരമായ ഉത്തരവാദിത്വം നിറവേറ്റിയിട്ടില്ലായെന്ന് കാണുന്നു.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 14.03.2017 ലെ യോഗത്തിലാണ് 2017-18 ലെ വാർഷിക ബഡ്ജറ്റ് അംഗീകരിച്ച് ഭരണ സമിതി അംഗീകാരത്തിന് വെയ്ക്കാൻ തീരുമാനിച്ചത്.

ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റികൾ അതാത് മേഖലകളിൽ നിന്നും ബഡ്ജറ്റ് നിർദ്ദേശങ്ങൾ അംഗീകരിച്ച് സമർപ്പിക്കാത്തത് സംബന്ധിച്ച് യാതൊരു പരാമർശവും മിനട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിവിധ ഘടകസ്ഥാപന മേധാവികളിൽ നിന്നുമുള്ള നിയമപരമായി സ്വീകരിക്കേണ്ട നോൺ പ്ലാൻ ബഡ്ജറ്റ് നിർദ്ദേശങ്ങളും ആയത് മറ്റ് സ്റ്റാൻഡിംഗ് കമ്മറ്റികൾ പരിശോധിക്കാതെയുമാണ് വാർഷിക ബഡ്ജറ്റ് അംഗീകരിച്ചതെന്ന് കാണുന്നു.

വാർഷിക ബജറ്റിൽ തനത് ഫണ്ട് വരുമാനം കണക്കാക്കിയതും യഥാർത്ഥത്തിൽ ലഭ്യമായതും തമ്മിൽ ഭീമമായ അന്തരമുള്ളതായി കാണുന്നു. നികുതി, നികുതിയേതര വരുമാനത്തിൽ പ്രതീക്ഷിത വരമാനവും യഥാർത്ഥവരുമാനവും തമ്മിലുള്ള വത്യാസം താഴെ ചേർക്കുന്നു.

| ഇനം | ബഡ്ജറ്റ് പ്രകാരം പ്രതീക്ഷിച്ചത് (രൂപ) | വാർഷിക കണക്ക് പ്രകാരം ലഭ്യമായത് (രൂപ) | വത്യാസം |
|---|---|---|---|
| നികുതി വരുമാനം | 69,50,000 | 94,28,452 | + 24,78.452 |
| നികുതിയേതര വരുമാനം | 3,39,90,000 | 17,96,687 | - 3,21,93,313 |

മറ്റ് വരവുകളിൽ (ഹെഡ് കോഡ് 180) മിസ്സലേന്യസ് ഇനത്തിൽ 3 കോടി രൂപ പ്രതീക്ഷിത വരുമാനമായെടുത്താണ് നികുതി, നികുതിയേതര വരുമാനമായി ആകെ 4.094 കോടിയുടെ വരുമാനം കണക്കാക്കിയത്. ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ 15.31കോടിആകെ വരവും 14.28 കോടി ആകെ ചെലവും പ്രതീക്ഷിച്ചാണ് വാർഷിക ബഡ്ജറ്റ് തയ്യാറാക്കിയത്. അംഗീകരിച്ച വാർഷിക കണക്ക് പ്രകാരം 12.01കോടി രൂപ ആകെ വരവും 8.2കോടി രൂപ ആകെ ചെലവുമാണ് യഥാർത്ഥത്തിൽ ഉണ്ടായത്. വരവ്, ചെലവിൽ മേൽകാണിച്ച പ്രകാരം വ്യതിയാനമുണ്ടായതിന് നിയമത്തിൽ നിഷ്കർഷിച്ച നടപടിക്രമങ്ങൾ കൃത്യമായി പാലിച്ച് വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നുള്ള മേൽനോട്ടത്തിന്റെ കുറവും കാരണമാകുന്നുണ്ട്. വാർഷിക ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ കേരള പഞ്ചായത്ത് രാജ് ആക്ടിലെ നിയമപരമായ വ്യവസ്ഥകൾ പാലിക്കാൻ ആവശ്യമായ തിരുത്തൽ നടപടിയുണ്ടാവേണ്ടതാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ചെയ്യാത്ത പ്രവൃത്തികൾക്ക് തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കുടുംബശ്രീ ഉൽപന്ന വിപണന കേന്ദ്രം എന്ന പ്രവൃത്തിയുടെ (266/18) ഇനം 4 ആയി കെട്ടിടത്തിന് മുകളിലെ ഡമ്മി കോളം 20 എണ്ണം 1:1.5:3 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റ് ചെയ്തതിന് നിരക്ക് നൽകിയിട്ടുണ്ട്. എന്നാൽ അസി.എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 19.9.2018 ന് സ്ഥല പരിശോധന നടത്തിയതിൽ ആകെ 10 ഡമ്മി കോളം മാത്രമാണ് കെട്ടിടത്തിലുള്ളത് എന്ന് മനസ്സിലായി. ഈ ഇനത്തിൽ അധികം നൽകിയ തുക 8082 ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ചെയ്ത അളവ് | നൽകിയ തുക |
|---|---|---|

| | | |
|---|---|---|
| കുടുംബശ്രീ ഉൽപന്ന വിപണന കേന്ദ്രം (266/18) കരാറുകാരൻ ശ്രീ എം. മുഹമ്മദ് മുസ്ഥഫ – 17.8% below<br>ചെക്ക് 3254038/25.102017 തുക 925696<br>DSR 2014കോസ്റ്റ് ഇന്ഡക്സ് 30.48% | $1.035m^3$<br>(1:1.5:3 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റ്) | 8082<br>(@9499.69/$m^3$<br>17.80% ടെണ്ടർ കുറവിന് ശേഷം നൽകിയ തുക) |

കൂടാതെ ഈ പ്രവൃത്തിയുടെ ഇനം 11 ആയി സ്റ്റെയർ റൂമിൽ മരം കൊണ്ടുള്ള വാതിൽ കട്ടിള ഫിറ്റ് ചെയ്തതിനും തുക നൽകിയിട്ടുണ്ട്. എന്നാൽ സ്ഥല പരിശോധനയിൽ സിമന്റ് കോൺക്രീറ്റ് കട്ടിളയാണ് സ്ഥാപിച്ചത് എന്ന് കണ്ടു. ഈ ഇനത്തിൽ അധികം നൽകിയ തുക കൂടി ഈടാക്കേണ്ടതാണ്.

2. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വറ്റലൂർ അംഗൻവാടി കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയുടെ (88/18) ഇനം 10 ആയി കരിങ്കൽ പടവിന് മുകളിൽ റെയ്സ്ഡ് & കട്ട് പോയിന്റിങ് ചെയ്തതിന് ( DSR 13.33.2) തുക നൽകിയിട്ടുണ്ട്. എന്നാൽ അസി.എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 19.9.2018 ന് സ്ഥല പരിശോധന നടത്തിയതിൽ സാധാരണ രീതിയിലുള്ള റൂൾഡ് & ഫ്ലഷ് പോയിന്റിങ് മാത്രമാണ് ചെയ്തത് എന്ന് മനസ്സിലായി. ഈ ഇനത്തിൽ അധികം നൽകിയ തുക 4599 രൂപ ഈടാക്കേണ്ടതാണ്.

| പ്രവൃത്തി | ചെയ്ത അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| വറ്റലൂർ അംഗൻവാടി കെട്ടിട നിർമ്മാണം (88/18) കരാറുകാരൻ ശ്രീ.പി.വി.സാദിഖലി–എസ്റ്റിമേറ്റ് റേറ്റ്<br>ബിൽ 77/25.1.2018<br>തുക 115016<br>ബിൽ 78/25.1.2018<br>തുക 100200<br>DSR 2016കോസ്റ്റ് ഇൻഡക്സ് 40.2% | $23.90m^2$ | 10243<br>@428.59/$m^2$ | 5644<br>@236.17/$m^2$ | 4599 |

പ്രവൃത്തിയുടെ ബിൽ നൽകുമ്പോൾ യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തിയുടെ അളവ് മാത്രം രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതും കരാറുകാർക്ക് അധിക തുക നൽകുന്നില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതുമാണ്.

13 /19.9.2018 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല

## 3-2 പൊതു മരാമത്ത് പ്രവൃത്തികൾ; പൊതുവായ അപാകതകൾ

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 157 പദ്ധതികൾ തയ്യാറാക്കിയതിൽ 116 പ്രവൃത്തികൾ ആണ് നടപ്പിലാക്കിയിട്ടുള്ളത്. ഇതിൽ 3 പ്രവൃത്തികളുടെ പാർട്ട് ബിൽ മാത്രമാണ് നൽകിയിട്ടുള്ളത്. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 61 എണ്ണവും സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 41 എണ്ണവും ഈ വർഷം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 157 | ആകെ അടങ്കൽ | 43359409 |
| നടപ്പിലാക്കിയത് | 116 | ചെലവ് | 25034407 |
| ശതമാനം | 73.88% | ചെലവ് ശതമാനം | 57.74 |

i)അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിൽ ശ്രദ്ധ പതിപ്പിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് - 1994 വകുപ്പ് 166 1ാം ഉപ വകുപ്പ് 3-ാം പട്ടിക പ്രകാരം -

പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക, കുളങ്ങളും മറ്റ് ജല ജലസംഭരണികളും സംരക്ഷിക്കുക, ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിലുള്ള ജല മാർഗ്ഗങ്ങളും കനാലുകളും സംരക്ഷിക്കുക, പൊതുമാർക്കറ്റുകൾ പരിപാലിക്കുക, ശവ പറമ്പ് , ശ്മശാനം സംരക്ഷിക്കുക, കുളിക്കടവുകളും അലക്ക് കടവുകളും സ്ഥാപിക്കുക, പൊതു സ്ഥലങ്ങളിൽ മൂത്രപ്പുരകളും കക്കൂസ്, കുളിസ്ഥലം എന്നിവ സ്ഥാപിക്കുക, ഒരു ഗ്രാമ പഞ്ചായത്തിനുള്ളിലെ ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക സർക്കാരിൽ നിന്നും കൈമാറ്റം ചെയ്ത് കിട്ടിയതുൾപ്പെടെ ഉള്ള സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള കെട്ടിട നിർമ്മാണം നടത്തുക എന്നിവയെല്ലാമാണ് പൊതു മരാമത്ത് മേഖലയിൽ ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളായി പരാമർശിച്ചിട്ടുള്ളത്. എന്നാൽ മേൽ പറഞ്ഞവയിൽ പുതിയ റോഡ് നിർമ്മാണത്തിനും അറ്റകുറ്റപണികൾക്കും വേണ്ടി മാത്രമാണ് ഓഡിറ്റ് വർഷത്തെ 90% പ്രൊജക്ടുകളും തയ്യാറാക്കിയിട്ടുള്ളത്.

പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് അടിസ്ഥാന രേഖയായി പരിഗണിക്കേണ്ട സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമ പഞ്ചായത്തിലെ 80 പൊതു കിണറുകളിൽ 50 എണ്ണവും, 125 കുഴൽ കിണറിൽ 12 എണ്ണവും, 12 കുടിവെള്ള പദ്ധതിയിൽ മുഴുവനും അറ്റകുറ്റ പണി ആവശ്യമുള്ളതാണ്. എന്നാൽ പ്രസ്തുത പ്രവൃത്തികൾക്കായി പ്രൊജക്ടുകളൊന്നും തയ്യാറാക്കിയിട്ടില്ല. രണ്ട് കുടിവെള്ള പദ്ധതികൾക്കായി പ്രൊജക്ടുകൾ തയ്യാറാക്കി എങ്കിലും ഓഡിറ്റ് വർഷത്തിൽ ഇവക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ii)വികസന സ്റ്റാന്റിങ് കമ്മിറ്റി പ്രവർത്തനം ഫലപ്രദമല്ല

പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും സുപ്രധാന പങ്ക് വഹിക്കാൻ കഴിയുന്ന വികസന സ്റ്റാന്റിങ് കമ്മിറ്റി ഫലപ്രദമായി ഇടപെടുന്നില്ല എന്ന് മിനുട്സ് വ്യക്തമാക്കുന്നു.

2017-18 വർഷത്തെ വികസന സ്റ്റാന്റിങ് കമ്മിറ്റി യോഗം ചേർന്നത് 16 തവണയാണ്. (2016-17 വർഷത്തിൽ ഒരു തവണയും 2017-18 വർഷത്തിൽ 12 തവണയും വികസന സ്റ്റാന്റിങ് കമ്മിറ്റി ചേർന്നു). ഇതിൽ ആദ്യ നാല് യോഗങ്ങളുടെയും മിനുട്സ് ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വികസന സ്റ്റാന്റിങ് കമ്മിറ്റി യോഗങ്ങളിൽ പ്രൊജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട് സ്റ്റാറ്റസ് റിപ്പോർട്ടുകൾ, മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ടുകൾ എന്നിവയൊന്നും ചർച്ചചെയ്തിട്ടില്ല.

വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയോ , ഗ്രൂപ്പിന് മാർഗ്ഗ നിർദേശം നൽകുകയോ ചെയ്തിട്ടില്ല. വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ കേവല യോഗങ്ങൾ മാത്രമായി അവസാനിച്ചിരിക്കുകയാണ്. പൊതു മരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട വർക്കിങ് ഗ്രൂപ്പ് 8.3.2017, 27.1.2018 എന്നീ തീയ്യതികളിൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. റോഡിലെ വൈദ്യുതി പോസ്റ്റുകൾ മാറ്റുക, എല്ലാ വാർഡിലെയും ഇടവഴി കോൺക്രീറ്റ് ചെയ്യുക, മഴക്കാലത്ത് റോഡ് സംരക്ഷിക്കുന്നതിന് താഴ്ന്ന റോഡുകളിൽ കലുങ്ക് ഓവുപാലം എന്നിവ നിർമ്മിക്കുക തുടങ്ങിയ പൊതുവായ ചില നിർദ്ദേശങ്ങൾ ഒഴികെ സ്റ്റാറ്റസ് റിപ്പോർട്ടും മറ്റ് വിവരശേഖരണവും കണക്കിലെടുത്ത് വ്യക്തമായ പ്രൊജക്ട് നിർദ്ദേശങ്ങളൊന്നും തന്നെ വർക്കിങ് ഗ്രൂപ്പ് നൽകിയിട്ടില്ല.

iii)പ്രൊജക്ടുകളുടെ ആധിക്യം നിർവ്വഹണത്തെ ബാധിക്കുന്നു

8.3.2017 ന് ചേർന്ന പൊതുമരാമത്ത് വർക്കിങ് ഗ്രൂപ്പ് യോഗത്തിലെ 7-ാം നമ്പർ തീരുമാനത്തിൽ ഒരു റോഡ് മൊത്തം അറ്റകുറ്റപണി നടത്തണമെന്നും ചെറിയ ചെറിയ വർക്കുകൾ ഒഴിവാക്കണമെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ തീരുമാനം പരിഗണിക്കാതെയാണ് ഭൂരിഭാഗം പ്രൊജക്ടുകളും തയ്യാറാക്കിയിട്ടുള്ളത്. മിക്ക റോഡ് കോൺക്രീറ്റ് പ്രവൃത്തികളും 100 മീറ്ററിലും താഴെയുള്ളവയാണ്. 50 മീറ്ററിൽ

താഴെ നീളത്തിൽ റോഡ് കോൺക്രീറ്റ് പ്രവൃത്തികളും ധാരാളം ചെയ്തിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ 1 അസിസ്റ്റന്റ് എഞ്ചിനീയറും 2 ഓവർസിയറും അടക്കം ആകെ 3 ജീവനക്കാർ മാത്രമാണ് ഓഡിറ്റ് വ്രഷത്തിൽ ഉണ്ടായിരുന്നത്. പരിമിതമായ ജീവനക്കാർ മാത്രമായതും പ്രവൃത്തികളുടെ ബാഹുല്യവും പദ്ധതി നടപ്പിലാക്കുന്നത് വൈകുന്നതിനും, മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാതിരുന്നതിനും കാരണമായി. മാത്രമല്ല ജീവനക്കാരുടെ കുറവും പ്രവൃത്തികളുടെ ബാഹുല്യവും കാരണം പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും കഴിയുന്നില്ല എന്ന് വ്യക്തമാണ്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

iv)റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

v)സ്റ്റാറ്റസ് റിപ്പോർട്ട് പൂർണ്ണമല്ല

വർക്കിങ്ങ് ഗ്രൂപ്പ് യോഗം ചേർന്നാണ് സ്റ്റാറ്റസ് റിപ്പോർട്ട് അംഗീകരിക്കേണ്ടതെങ്കിലും പൊതു മരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് സ്റ്റാറ്റസ് റിപ്പോർട്ട് അംഗീകരിച്ചതിന്റെ വിവരം മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

സ്റ്റാറ്റസ് റിപ്പോർട്ടിലെ രേഖപ്പെടുത്തൽ പ്രകാരം ഗ്രാമ പഞ്ചായത്തിൽ 360കിലോമീറ്റർ ടാർ റോഡും, 8 കിലോമീറ്റർ മെറ്റൽ ( സോളിങ്ങ്) റോഡും, 29 കിലോമീറ്റർ മൺ റോഡും, 38കിലോമീറ്റർ കോൺക്രീറ്റ് റോഡും, 7 കിലോമീറ്റർ കോൺക്രീറ്റ് നടപ്പാതയും, 20കിലോമീറ്റർ നടപ്പാതയും ഉൾപെടെ ആകെ 462 കിലോമീറ്റർ റോഡ് ആണ് ഉള്ളത്.

കൂടാതെ കലുങ്ക്, പാലം, നടപ്പാലം എന്നിവ 250 എണ്ണവും, 80 ചെക്ക് ഡാമുകളും ഉള്ളതായി സ്റ്റാറ്റസ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചെക്ക് ഡാമുകളിൽ 40 എണ്ണം അറ്റകുറ്റപണി നടത്തേണ്ടതാണെന്നും 100 എണ്ണം കൂടി പുതിയതായി നിർമ്മിക്കേണ്ടതുണ്ടെന്നും സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉണ്ട്. എന്നാൽ 30.50ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണം മാത്രമുള്ള ഗ്രാമ പഞ്ചായത്തിൽ (22 വാർഡുകൾ) 360 KM ടാർ റോഡ് 80 ചെക്ക് ഡാം എന്നിവ ഉണ്ട് എന്നത് അവിശ്വസനീയമാണ്. ഇത് സാധൂകരിക്കുന്നതിന് ആസ്തി രജിസ്റ്ററിന്റെ പകർപ്പ് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല.

പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം പദ്ധതികൾ രൂപീകരിക്കുന്നതിന് അടിസ്ഥാന രേഖയായി പരിഗണിക്കേണ്ട സ്റ്റാറ്റസ് റിപ്പോർട്ട് തികഞ്ഞ അലംഭാവത്തോടെയാണ് തയ്യാറാക്കിയതെന്ന് വ്യക്തമാണ്. വരും വർഷങ്ങളിൽ യാഥാർത്ഥ്യ ബോധത്തോടെ കുറ്റമറ്റ രീതിയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടതും വികസനകാര്യ സ്റ്റാന്റിംങ് കമ്മിറ്റി ഫലപ്രദമായ മേൽനോട്ടം ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-3 കുടുംബശ്രീ ഉൽപന്ന വിപണന കേന്ദ്രം - 32 ലക്ഷം രൂപ ചെലവഴിച്ചിട്ടും പ്രവർത്തനക്ഷമമായില്ല

പ്രൊജക്ട് - കുടുംബശ്രീ ഉൽപന്ന വിപണന കേന്ദ്രം നിർമ്മാണം (SO266/18)

തനത് ഫണ്ട് - 1412559

ചെക്ക് - 3254038 /25.10.2017 തുക 925696

ഗ്രാമ പഞ്ചായത്ത് 7-ാം വാർഡ് പടപ്പറമ്പ് ടൗണിൽ ആണ് കുടുംബശ്രീ ഉൽപന്ന വിപണന കേന്ദ്രത്തിന് വേണ്ടി ഇരു നില കെട്ടിടം പണിതിട്ടുള്ളത്. 2013-14 ൽ 15 ലക്ഷം രൂപ വകയിരുത്തി ജില്ലാ പഞ്ചായത്താണ് ഈ കെട്ടിടത്തിന്റെ ഒന്നാം നില പണികഴിപ്പിച്ചത്. തുടർന്ന് 2014-15 വർഷത്തിൽ ബഹു വർഷ പ്രൊജക്ടായി 25 ലക്ഷം രൂപ വകയിരുത്തി മുകൾ നില പണിയുന്നതിനും ഫിനിഷിങ്ങ് വർക്കിനുമായി ഗ്രാമ പഞ്ചായത്ത് പ്രൊജക്ട് തയ്യാറാക്കിയതിൽ 15-16 ലേക്ക് വകയിരുത്തിയ 2200000 രൂപയിൽ 17 ലക്ഷം രൂപയും കെട്ടിട നിർമ്മാണത്തിനായി ചെലവഴിക്കുകയുണ്ടായി.

എന്നാൽ കെട്ടിടത്തിൽ വൈദ്യുതീകരണത്തിനായി ഇത് വരെയും നടപടികളായിട്ടില്ല. കെട്ടിടങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ വൈദ്യുതീകരണത്തിനും, ജലവിതരണത്തിനും ഉള്ള തുക കൂടി വകയിരുത്തേണ്ടതാണ് എന്ന് സർക്കാർ പ്രത്യേക നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

കെട്ടിടത്തിന്റെ ഒന്നാം നില (ഗ്രൗണ്ട് ഫ്ലോർ) പൂർത്തിയാക്കി രണ്ട് വർഷം കഴിഞ്ഞിട്ടുണ്ട്. ആറ് കട മുറികളാണ് ഒന്നാം നിലയിലുള്ളത്. പ്രസ്തുത മുറികളിൽ വെള്ളം വൈദ്യുതി സൗകര്യങ്ങളൊരുക്കി കുടുംബശ്രീക്ക് കൈമാറി യൂണിറ്റ് ആരംഭിക്കുന്നതിന് നിർദ്ദേശം നൽകുകയാണ് വേണ്ടിയിരുന്നത്. തുടർന്ന് ആവശ്യമെങ്കിൽ മാത്രം മുകൾ നിലയിൽ റൂമുകൾ പണിയുന്നതിന് പകരം 12 മുറികൾ ഒന്നിച്ച് പണികഴിപ്പിച്ചത് എതെങ്കിലും പഠനത്തിന്റെയോ ആവശ്യകതയോ പരിഗണിച്ചൊന്നുമല്ല എന്ന് ഗ്രാമ പഞ്ചായത്തിലെ കുടുംബശ്രീ ജീവനക്കാരിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിലും ഇത്തരം ഒരു ആവശ്യകത പരാമർശിച്ചിട്ടില്ല. ജില്ലയിലെ പല ഭാഗങ്ങളിലും ഇത്തരം കെട്ടിടങ്ങൾ പിന്നീട് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതാണ് കണ്ട് വരുന്നത്.

കെട്ടിടത്തിൽ വെള്ളം വൈദ്യുതി അനുബന്ധ സൗകര്യങ്ങൾ എന്നിവ ഒരുക്കി കുടുംബശ്രീ യൂണിറ്റ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും കെട്ടിടം നിഷ്ക്രിയ ആസ്തിയായി മാറാതിരിക്കാൻ ഗ്രാമ പഞ്ചായത്ത് പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുമാണ്.

## 3-4 എസ് സി മേഖലയിലെ പദ്ധതികൾ: ആവശ്യകത തിരിച്ചറിയുന്നതിലും മുൻഗണനാ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിലുമുള്ള അപാകതകൾ

പഞ്ചവൽസര പദ്ധതിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് എസ് സി വികസന മേഖലയുമായി ശേഖരിച്ച സ്ഥിതിവിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത ജനവിഭാഗത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുന്നുണ്ട്. റിപ്പോർട്ടനുസരിച്ച് ഗ്രാമപഞ്ചായത്തിലെ ഭൂരഹിത കുടുംബങ്ങൾ (56), വീടില്ലാത്തത് (31), പൂർത്തീകരിക്കാത്ത വീട് (1), ഉപയോഗ്യമല്ലാത്ത കക്കൂസുകൾ (72), കക്കൂസില്ലാത്ത വീടുകൾ (5), 6 മാസത്തിൽ കൂടുതൽ ജലക്ഷാമം നേരിടുന്ന കുടുംബങ്ങൾ (152), പൂർണ്ണമായും ജലക്ഷാമം നേരിടുന്ന കുടുംബങ്ങൾ(64), വൈദ്യുതി ഇല്ലാത്ത വീടുകൾ (4), തൊഴിലില്ലായ്മ എന്നിങ്ങനെ ഹ്രസ്വകാലയളവിലും ദീർഘകാലയളവിലും ഗ്രാമപഞ്ചായത്ത് പരിഹാരം കാണേണ്ട പ്രശ്നങ്ങളായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിലേക്ക് തുടർപ്രവർത്തനത്തിനായി സമർപ്പിച്ചതാണ്.

സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങളുടെ പരിഹാരമായി 2017-18 വർഷത്തിലും തുടർവർഷങ്ങളിലേക്കും ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളുടെ പ്രോജക്ട് ആശയങ്ങളായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിച്ചതായി കാണുന്നത് വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനാള്ള പ്രവർത്തനം, തൊഴിൽരഹിതർക്ക് തൊഴിൽ നൽകാനുള്ള പദ്ധതി, ആരോഗ്യ പരിപാലനം മെച്ചപ്പെടുത്താനുള്ള പദ്ധതി, അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായും ലഭ്യമാക്കൽ എന്നിവയാണ്. ഭവന രഹിതരായി കണ്ടെത്തിയ 31

കുടുംബങ്ങളുണ്ടെങ്കിലും ലൈഫ് മിഷന്റെ ഭാഗമായി 3 ഗുണഭോക്താക്കൾ, പ്രോജക്ട് നമ്പർ 231/18 ൽ പി.എം.എ.വൈ സ്കീമിൽ ഗ്രാമപഞ്ചായത്ത് വിഹിതം നൽകി പൂർത്തീകരിച്ച 6 വീടുകൾ എന്നിവക്ക് ശേഷവും അവശേഷിക്കുന്ന കുടുംബങ്ങൾക്ക് വീട് നൽകാനുള്ള നിർദ്ദേശങ്ങളൊന്നുമുണ്ടായിട്ടില്ല. പൂർത്തീകരിക്കാനവശേഷിക്കുന്ന ഒരു വീട് ലൈഫ് മിഷന്റെ ഭാഗമായി പൂർത്തീകരിക്കാനുള്ള നിർദ്ദേശമുണ്ടായിട്ടില്ല. 2016 ൽ ഒ.ഡി.എഫ് ആയി പ്രഖ്യാപിച്ച ഗ്രാമപഞ്ചായത്തിൽ നിലവിൽ ഉപയോഗ യോഗ്യമല്ലാത്ത കക്കൂസുകൾ 72, കക്കൂസ് ഇല്ലാത്ത വീടുകൾ 5എന്നിവ പരിഹരിക്കാനുള്ള പ്രശ്നങ്ങളായി കണ്ടെത്തിയതാണ്. 2017-18 ൽ ഐ.എച്ച്. എച്ച്. എൽ സ്കീമിൽ ഉൾപ്പെടുത്തി രണ്ടെണ്ണം പൂർത്തികരിച്ചതല്ലാതെ ശുചിത്വ പ്രശ്നത്തിന്റെ പൂർണ്ണമായ പരിഹാരത്തിനാവശ്യമായ പ്രവർത്തനങ്ങളൊന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല. മേഖലയിൽ കുടിവെള്ള പദ്ധതികളോ, വൈദ്യുതീകരണ പ്രവർത്തനത്തിന്റെ ആവശ്യകതയോ നിർദ്ദേങ്ങളായി വന്നിട്ടില്ല. മേഖലയിൽ കണ്ടെത്തിയ പ്രശ്നങ്ങൾക്ക് ആദ്യവർഷത്തിലോ തുടർവർഷങ്ങളിലോ പൂർണ്ണമായും പരിഹാരമാകാവുന്ന കൃത്യമായ പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പിന് നിർദ്ദേശിക്കാനായിട്ടില്ല.

മേഖലയിൽ നടപ്പിലാക്കിയ പ്രോജക്ടുകളിൽ അടിസ്ഥാന മേഖലയിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (ചെലവില്ല), വിദ്യാർത്ഥികൾക്കുള്ള പഠനമുറി, ഫർണിച്ചർ വിതരണം, കട്ടിൽ വിതരണം, ഭവനപുനരുദ്ധാരണം, കുടിവെള്ള സൗകര്യവികസനത്തിനായി പി.വി.സി വാട്ടർ ടാങ്കുകളുടെ വിതരണം, കുടിവെള്ള ഗാർഹിക കണക്ഷൻ നൽകൽ,വിദ്യാർത്ഥികളുടെ പഠനസൗകര്യാർത്ഥമുള്ള സൈക്കിൾ വിതരണം, ലാപ് ടോപ്പ് വിതരണം തുടങ്ങിയവ ഉൾപ്പെടുന്നുണ്ട്. മേഖലയിൽ ഉൾപ്പെടുന്ന പ്രോജക്ട്: 105/18 പ്രകാരം 60 വയസ്സ് കഴിഞ്ഞ വൃദ്ധർക്കുള്ള കട്ടിൽ വിതരണം പരിശോധിച്ചതിൽ 498,800 രൂപ അടങ്കലുള്ള പ്രോജക്ടിൽ അപേക്ഷിച്ച 116 ഗുണഭോക്താക്കളിൽ നിന്നും 88 പേരെ തെരഞ്ഞെടുത്ത് 344080 രൂപ ചെലവിൽ കട്ടിൽ വിതരണം ചെയ്തിട്ടുണ്ട്. മാർഗ്ഗരേഖയിലെ നിർദ്ദേശാനുസരണം പ്രാദേശികമായ പ്രത്യേകതയനുസരിച്ച് ഗ്രാമപഞ്ചായത്ത് തലത്തിൽ നിശ്ചയിച്ച മുൻഗണനാ മാനദണ്ഡങ്ങൾ 60 വയസ്സ് കഴിഞ്ഞവർ (മാർക്ക് 50), ബി.പി.എൽ കുടുംബം (മാർക്ക് 10), പഞ്ചായത്തിൽ സ്ഥിരതാമസം (മാർക്ക് 10), അവശതയനുഭവിക്കുന്നവർ (മാർക്ക് 30) എന്നിങ്ങനെയാണ്. ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്ന രീതിയിലാണ് പ്രോജക്ട് രൂപീകരണം നടത്തിരിക്കുന്നത്. കൃത്യമായ അടിസ്ഥാന ഡാറ്റയില്ലാതെയും ആവശ്യകത നിർണ്ണയിക്കാതെയുമാണ് പ്രത്യേക പരിഗണനയർഹിക്കുന്ന എല്ലാരീതിയിലും അവശതയനുഭവിക്കുന്ന ഗുണഭോക്താക്കളെ മാത്രം ലക്ഷ്യമാക്കേണ്ട പ്രോജക്ട് രൂപീകരിച്ചതെന്ന് വ്യക്തമാണ്. മേഖലയിൽ അവശതയനുഭവിക്കുന്ന വ്യക്തികളുടെ വിവരത്തിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥത്തിലുള്ള പ്രശ്നമായി തിരിച്ചറിഞ്ഞ് അടിയന്തിരമായി ഇടപെടുന്നതിന് വേണ്ടിയുള്ളതാണെങ്കിൽ ഗുണഭോക്താക്കളെ തിരിച്ചറിയാൻ പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനന്റെ ഭാഗമായുള്ള ഡാറ്റയെ എങ്കിലും ആശ്രയിക്കേണ്ടിയിരുന്നു.

മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം അവശത അനുഭവിക്കുന്നവർ എന്ന നിബന്ധനയിൽ ഉൾപ്പെടുന്നില്ലെങ്കിലും മറ്റ് മാനദണ്ഡങ്ങൾ പാലിച്ച് നേടിയ 70 മാർക്കിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം കൈപ്പറ്റാനാകുന്നുണ്ട്. ഉദാഹരണമായി ഇതെ ആനുകൂല്യത്തിനുള്ള വ്യക്തിഗത ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുന്ന ക്രമ നമ്പർ 6, 83, 97 എന്നീ ഗുണഭോക്താക്കൾ 70 മാർക്ക് വീതം നേടിയാണ് പ്രോജക്ടിന്റെ ഗുണഭോക്താക്കളായത്. മറ്റുള്ള ഗുണഭോക്താക്കളുടെ കാര്യത്തിൽ ശാരീരികമായോ സാമ്പത്തികമായോ അവശതയനുഭിക്കുന്നതിന് തെളിവായി രേഖകൾ ആവശ്യപ്പെടുകയോ ഹാജരാക്കുകയോ ചെയ്തിട്ടില്ല. അർഹതാ മാനദണ്ഡങ്ങൾ പ്രകാരം ബി പി എൽ കുടുംബമാകണമെന്നത് ലംഘിച്ചുകൊണ്ടാണ് ലിസ്റ്റിലെ ക്രമ നമ്പർ 83 ലെ ഗുണഭോക്താവിന് ആനുകൂല്യം നൽകിയത്. അപേക്ഷയോടൊപ്പം വരുമാനം തെളിയിക്കാനായി ഹാജരാക്കിയ റേഷൻ കാഡിന്റെ പകർപ്പിൽ നിന്നും 8850 രൂപയാണ് കുടുംബത്തിന്റെ പ്രതിമാസ വരുമാനമെന്ന് വ്യക്തമാകുന്നു. പ്രോജക്ടിന്റെ പ്രധാന മാനദണ്ഡമായിരിക്കേണ്ട അവശതയനുഭവിക്കുന്ന ഗുണഭോക്താവ് എന്നതിൽ ഉൾപ്പെടാതെ പോയാലും ആനുകൂല്യത്തിന് അർഹത നേടുന്നുവെന്ന സാഹചര്യം പ്രോജക്ട് മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിലും അതിന് മുൻഗണന നിശ്ചയിക്കുന്നതിലും കാതലായ പുന:പരിശോധന അനിവാര്യമാക്കുന്നുണ്ട്.

ജി.ഒ(എം എസ്) നം 10/2017/തസ്വഭവ തീയതി 09.01.2017 പ്രകാരം എസ് സി വികസനമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാദ്ധ്യതകളും കണ്ടെത്തി പ്രശ്ന പരിഹാരങ്ങൾ നിർദ്ദേശിക്കേണ്ടതും സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി പ്രോജക്ട് രൂപീകരിക്കുന്നതിനാവശ്യമായ ഉപദേശങ്ങൾ സ്റ്റാൻഡിംഗ് കമ്മറ്റിക്ക്

നൽകേണ്ടതും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന പട്ടിക ജാതി/ പട്ടിക വർഗ്ഗവികസന വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. 2017-18 വാർഷിക പദ്ധതി രൂപീകരണം, നിർവ്വഹണം സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ രണ്ടു തവണ കൂടിയ യോഗ മിനുട്സ്, മേഖലയുമായി ബന്ധപ്പെട്ട സ്ഥിതിവിവര കണക്കുകളുടെ അപഗ്രഥനം എന്നിവ പരിശോധിച്ചതിൽ നിർദ്ദേശിക്കപ്പെട്ട പ്രോജക്ട് ആശയങ്ങൾ/നിർദ്ദേശങ്ങൾ മേഖലയിലെ ലഭ്യമാക്കിയ സ്ഥിതിവിവര കണക്കിന്റെ അടിസ്ഥാനമാക്കിയുള്ള ഗുണഭോക്താക്കളുടെ ആവശ്യകതകളിൽ 50ശതമാനം പോലും പരിഗണിച്ചല്ലായെന്ന് വ്യക്തമാകുന്നു. ലഭ്യമായ അടിസ്ഥാന വിവരം അപഗ്രഥിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ കൂട്ടായ പ്രവർത്തനമുണ്ടാകുന്നതിന് പഞ്ചായത്ത് തല ആസൂത്രണ സമിതിയുടെ ഏകോപനത്തിന് സാധ്യമായിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കേണ്ട ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി 29.05.2017 നാണ് സ്റ്റാറ്റസ് റിപ്പോർട്ട്, ഗ്രാമസഭാ നിർദ്ദേശങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2017-18 വർഷത്തെ മേഖലയിലെ കരട് പ്രോജക്ടുകൾ അംഗീകരിക്കുന്നത്. മേയ് 30, ജൂൺ 9 തിയതികളിലാണ് മറ്റ് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രോജക്ടുകൾ സ്റ്റാൻഡിംഗ് കമ്മറ്റി അംഗീകരിക്കുന്നത്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 04.02.2017 ലെ യോഗത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കാൻ തീരുമാനമെടുത്ത ശേഷം 29.05.2017 നാണ് വാർഷിക പദ്ധതി രൂപീകരണം സംബന്ധിച്ച പരിശോധനയും തീരുമാനവുമുണ്ടായതെന്ന് മിനുട്സിൽ നിന്നും വ്യക്തമാണ്. മേഖലയിലെ വർക്കിംഗ് ഗ്രൂപ്പിന്റെ യോഗങ്ങൾ ആവശ്യാനുസരണം വിളിച്ച് ചേർക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും ഫലപ്രദമായി പ്രവർത്തിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകാനും ആവശ്യകത പ്രതിഫലിപ്പിക്കുന്ന കൃത്യമായ പ്രോജക്ടുകൾ തയ്യാറാക്കാനും നിയമ സാധുത ഉറപ്പ് വരുത്താനും വർക്കിംഗ് ഗ്രൂപ്പുകളുമായി നിരന്തര ചർച്ച നടത്താനും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ജാഗ്രത പുലർത്തിയതായി കാണുന്നില്ല. എസ് സി വികസന മേഖലയുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പിൽ നിന്നും ഗ്രാമസഭകളിൽ നിന്നുമുണ്ടാകുന്ന നിർദ്ദേശങ്ങൾ പരിശോധിച്ച് മേഖലയിലെ ആവശ്യങ്ങൾ പൂർണ്ണമായും പ്രതിഫലിക്കുന്ന രീതിയിലുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്.

ഗുണഭോക്തൃ ലിസ്റ്റിലെ മുകളിൽ കാണിച്ച പ്രകാരമുള്ള ക്രമ നമ്പർ 83 (ശ്രീ.തെയ്യൻ അയനിക്കോട്ടിൽ) ലെ ഗുണഭോക്താവിന് മാസവരുമാനം റേഷൻകാർഡിൽ 8850 രൂപ രേഖപ്പെടുത്തിയിട്ടും റവന്യൂ ഉദ്യോഗസ്ഥന്റെ വരുമാന സർട്ടിഫിക്കറ്റില്ലാതെ മുൻഗണ നിശ്ചയിച്ച് ആനുകൂല്യം നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിശദീകരണം തൃപ്തികരമല്ല. റേഷൻ കാർഡ് പ്രകാരം വാർഷിക വരുമാനം 106200 രൂപയാണ്. വരുമാന സർട്ടിഫിക്കറ്റ് നിർബന്ധമില്ലായെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വയം അന്വേഷിച്ച് സാക്ഷ്യപ്പെടുത്തിയ രേഖ ഹാജരാക്കാനുള്ള നിർദ്ദേശം പാലിച്ചിട്ടില്ല. 116 പേരുള്ള വ്യക്തിഗത ഗുണഭോക്താക്കളുടെ മുൻഗണന ലിസ്റ്റിൽ നിന്നും ക്രമ നമ്പർ 7,14,19,30,53തുടങ്ങിയവർ ആനുകൂല്യ വിതരണത്തിൽ നിന്നും ഒഴിവായത് ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാത്തതിനാലാണെന്ന് അസി.സെക്രട്ടറി വിശദീകരിക്കുകയുണ്ടായി. ആനുകൂല്യ വിതരണത്തിനായി ഗുണഭോക്താക്കളുടെ മുൻഗണന ലിസ്റ്റിൽ ഉൾപ്പെട്ടവരെ ഒഴിവാക്കുമ്പോൾ വ്യക്തമായ കാരണം ഫയലിൽ രേഖപ്പെടുത്തേണ്ടതാണ്. അതോടൊപ്പം എസ്.സി വികസന പ്രോജക്ടുകളുടെ നിർവ്വഹണം, ഫണ്ട് വിനിയോഗം എന്നിവ മോണിറ്റർ ചെയ്യുന്നതിനായുള്ള നിരീക്ഷണ സമിതിയുടെ (വർക്കിംഗ് ഗ്രൂപ്പ് പരിവർത്തനം ചെയ്തത്) റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

## 3-5 ശമ്പള പരിഷ്കരണ കുടിശ്ശിക - ആനുപാതികമായ പെൻഷൻ അംശദാനം അടവാക്കിയില്ല.

താഴെ കൊടുത്തിരിക്കുന്ന വൗച്ചർ പ്രകാരം ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക (20-1-2016 ലെ 7/2016 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം)ഒന്നാം ഗഡുവും രണ്ടാംഗഡുവും വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ആനുപാതികമായ പെൻഷൻ അംശദാനം സർക്കാരിലേക്ക് അടവാക്കിയിട്ടില്ല.

| വൗച്ചർ നമ്പർ/തീയതി | ജീവനക്കാരന്റെ പേര് | കുടിശ്ശിക കൈപ്പറ്റിയ കാലയളവ് |
|---|---|---|

| | | |
|---|---|---|
| | ശമ്പളപരിഷ്കരണ കുടിശ്ശിക<br>ഒന്നാം ഗഡു | |
| 21700031/6-4-2017<br>105851 | രാജീവ് കെ<br>അസി.സെക്രട്ടറി | 1-7-14 മുതൽ<br>31-1-16 വരെ |
| | അനീസ് ബാബു എ പി<br>അക്കൗണ്ടന്റ് | 1-7-14 മുതൽ<br>31-1-16 വരെ |
| | അഫീഫ് കെ കെ<br>സീനിയർ ക്ലർക്ക് | 1-7-14 മുതൽ<br>31-1-16 വരെ |
| | ശ്രീകുമാർ എസ്<br>ക്ലർക്ക് | 1-7-14 മുതൽ<br>31-1-16 വരെ |
| | അർസാൽ എൻ കെ<br>ഓഫീസ് അറ്റന്റന്റ് | 1-7-14 മുതൽ<br>31-1-16 വരെ |
| | ശമ്പളപരിഷ്കരണ കുടിശ്ശിക<br>രണ്ടാം ഗഡു | |
| 21700428/4-10-2017<br>207906 | രാജിവ് കെ<br>അസി. സെക്രട്ടറി | 1-7-14 മുതൽ<br>31-1-16 വരെ |
| | അനീസ് ബാബു എ പി<br>അക്കൗണ്ടന്റ് | 1-7-14 മുതൽ<br>31-1-16 വരെ |
| | അഫീഫ് എ കെ<br>സീനിയർ ക്ലർക്ക് | 1-7-14 മുതൽ<br>31-1-16 വരെ |
| | അഷറഫ് പി കെ<br>ക്ലർക്ക് | 1-7-14 മുതൽ<br>31-1-16 വരെ |
| | അബ്ദുൾ സലീം<br>ക്ലർക്ക് | 1-7-14 മുതൽ<br>31-1-16 വരെ |
| | ശ്രീകുമാർ എസ്<br>ക്ലർക്ക് | 1-7-14 മുതൽ<br>31-1-16 വരെ |
| | വിശാലാക്ഷി എൻ പി<br>ജെ ബി സി<br>(ഒന്നും രണ്ടും ഗഡുക്കൾ ഒരുമിച്ച വാങ്ങി) | 1-7-14 മുതൽ<br>31-1-16 വരെ |
| | പുരുഷോത്തമൻ പി<br>ഓഫീസ് അറ്റന്റന്റ് | 1-7-14 മുതൽ<br>31-1-16 വരെ |
| | അർസാൽ എ കെ<br>ഓഫീസ അറ്റന്റന്റ് | 1-7-14 മുതൽ<br>31-1-16 വരെ |

| | | |
|---|---|---|
| | ആകെ | |

01.07.14 മുതൽ 31.01.16 വരെയുള്ള കാലയളവിലെ അടിസ്ഥാന ശമ്പളത്തിന്റെ വർദ്ധനവിന്റെ 15% പെൻഷൻ അംശദാനമായി സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-6 രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

കുറവ ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ തനത് ഫണ്ട് ചെലവുമായി ബന്ധപ്പെട്ടുള്ള ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വൗച്ചർ നമ്പർ/തീയതി | വിവരണം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 21700082/27-5-17 | ചൊവ്വാണ കുടിവെള്ള പദ്ധതിക്ക് ഭൂതല സർവ്വേ നടത്തുന്നതിന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ അടവാക്കിയത്. | 1750 | സർവ്വേ റിപ്പോർട്ട് |
| 2 | 21700732/19-1-18 | ഒ എസ് 32/13 നമ്പർ കേസ്സുമായി ബന്ധപ്പെട്ട് വക്കീൽ ഫീസ് നൽകിയത്. | 5000 | അഡ്വ. ശ്രീകലയുടെ കൈപ്പറ്റ് രശീതി |
| 3 | 21700977/30-3-18 | സമ്പൂർണ്ണ വൈദ്യുതീകരണം പഞ്ചായത്ത് വിഹിതം അടവാക്കിയത്. | 1000209 | കെഎസ്ഇബിയുടെ കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം |
| | | ആകെ | 1006959 | |

രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ 1006959 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ രേഖകൾ ഉടൻ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-7 ഔഷധസസ്യ മാതൃകാ പ്രദർശനത്തോട്ടം-സമാന സംരഭങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

പതിമൂന്നാം പദ്ധതിയിൽ കാർഷികമേഖല സ്വയം പര്യാപ്തത കൈവരിക്കുന്നത് ലക്ഷ്യമിടുന്നു.മണ്ണും ജലവും ജൈവസമ്പത്തും സംരക്ഷിക്കുന്നതോടൊപ്പം തദ്ദേശഭരണസ്ഥാപന തലത്തിലെ കൃഷിയോഗ്യമായ പുരയിടങ്ങളും തരിശുനിലങ്ങളും മാലിന്യരഹിതമാക്കാനും കാർഷികാഭിമുഖ്യമുള്ളഒരു പുത്തൻ സാമൂഹ്യബന്ധം രൂപപ്പെടുത്താനും തദ്ദേശഭരണസ്ഥാപനത്തിന് ഉത്തരവാദിത്വമുണ്ട്.

2017-18 സാമ്പത്തിക വർഷത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 1(1)/23-10-2017 നമ്പർ ശുപാർശ പ്രകാരം കുറവ ഗ്രാമപഞ്ചായത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ പ്രോജെക്ട് നമ്പർ 246/18 ആയി ഒരു ഔഷധസസ്യ മാതൃകാ പ്രദർശനത്തോട്ടത്തിന് വികസന ഫണ്ടിൽ നിന്നും 30000 രൂപ ധനസഹായം നൽകിയിട്ടുണ്ട്. കുറവ ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിൽ കരിഞ്ചപ്പാടി എന്ന സ്ഥലത്ത് സ്വന്തമായുള്ള ഒരേക്കർ ഉൾപ്പടെ അഞ്ച് ഏക്കറിലാണ് ശ്രീ കുഞ്ഞാലൻ എന്ന കർഷകൻ ഔഷധസസ്യകൃഷി

നടത്തുന്നത്. കൊട്ടുവേലി, നീലഅമരി, ആടലോടകം, പിച്ചകം, കഞ്ഞുണ്ണി, മഞ്ഞൾ, ഇഞ്ചി, കൂവ്വ തുടങ്ങി വിവിധയിനം ഔഷധ സസ്യങ്ങൾക്കൊപ്പം നെല്ലിന്റെ വിവിധ വിഭാഗങ്ങളും കൃഷി ചെയ്തു വരുന്നുണ്ട്. ആയുർവേദ ചികിത്സയിൽ പരമപ്രധാനമായ സ്ഥാനമാണ് ഔഷധസസ്യങ്ങൾക്കുള്ളത്.കേരളത്തിന്റെ നാട്ടിൻപുറങ്ങളിലും വനങ്ങളിലും വീട്ടുവളപ്പിലും ഒരുകാലത്ത് ധാരാളം ഔഷധസസ്യങ്ങൾ ഉണ്ടായിരുന്നു. നിലവിൽ മനുഷ്യന്റെ ഭാഗത്തുനിന്നുള്ള ബോധപൂർവ്വമായ പ്രവർത്തനങ്ങൾ പ്രകൃതിയുടെ സന്തുലിതാവസ്ഥ തെറ്റാൻ കാരണമായിട്ടുണ്ട്.പ്രകൃതി സംരക്ഷണം ലക്ഷ്യമാക്കി ഔഷധസസ്യമാതൃകാ പ്രദർശനത്തോട്ടം പോലെയുള്ള സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. 14-9-2018 ന് ഓഡിറ്റ് ടീം പ്രസ്തുത തോട്ടം സന്ദർശിച്ചു.

## 3-8 കാർഷികമേഖലയിൽ മോണിറ്ററിംഗ് ശക്തിപ്പെടുത്തണം

2017-18 വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണഉദ്യോഗസ്ഥനായി കാർഷിക മേഖലയിൽ ഒമ്പതോളം പ്രോജെക്ടുകൾ നടപ്പിലാക്കുകയും 4016425രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.വിവിധ പ്രോജെക്ടുകളിൽ സബ്സിഡി ബാങ്ക് വഴി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറുന്ന രീതിയാണ് സ്വീകരിച്ചു വന്നിട്ടുള്ളത്. താഴെ പറയുന്ന പ്രോജെക്ടുകളിൽ കർഷകർ പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന ജൈവവളം വിവിധ വ്യക്തികളിൽ നിന്നും വാങ്ങുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്.

| പ്രോജെക്ട് നമ്പർ | പ്രോജെക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ഫണ്ട് | പ്രയോജനപ്പെടുത്തിയ കർഷകരുടെ എണ്ണം |
|---|---|---|---|---|---|
| 24/18 | വാഴകൃഷിക്ക് ജൈവവളം ഉപയോഗിച്ചതിന് ധനസഹായം | 600000 | 600000 | വികസനഫണ്ട് | 257 |
| 233/18 | മരച്ചീനികൃഷിക്ക് ജൈവവളത്തിന് സബ്സിഡി | 350000 | 350000 | വികസനഫണ്ട് | 108 |

സബ്സിഡി യഥാർത്ഥത്തിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്നതിനു പകരം വളം വിറ്റയാളുടെ അക്കൗണ്ടിലേക്കാണ് നൽകേണ്ടിയിരുന്നത്.കർഷകർ നേരിട്ട് ജൈവവളം വാങ്ങുന്ന സംഗതികളിൽ വളത്തിന്റെ ഗുണനിലവാരം ശരിയായി പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നില്ല.മേൽ പറഞ്ഞ എല്ലാ കർഷകരും ശരിയായ വിധത്തിൽ വളം പ്രയോജനപ്പെടുത്തി എന്ന് കൃഷിഭവനിലെ പരിമിതമായ സാഹചര്യത്തിൽ കൃഷി അസിസ്റ്റന്റുമാർക്ക് പരിശോധിക്കാനും കൃഷിഓഫീസർക്ക് സാക്ഷ്യപ്പെടുത്താനും കഴിഞ്ഞിട്ടില്ല.പലരും സബ്സിഡി തുക ദുരുപയോഗം ചെയ്യാനുള്ള സാധ്യത ഏറെയാണ്.ആയതിനാൽ പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചുപോലെ കാർഷികകർമ്മസേനകൾ, കർഷകഗ്രൂപ്പുകൾ,കർഷകർ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ജോയന്റ് ലൈബിലിറ്റി ഗ്രൂപ്പുകൾ തുടങ്ങിയവർ പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന ജൈവവളങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനം നടത്തുന്ന മാലിന്യ സംസ്കരണ പ്ലാന്റുകൾ സഹകരണ സ്ഥാപനങ്ങൾ നേരിട്ട് ഉല്പാദിപ്പിക്കുന്നവയിൽ നിന്നും നേരിട്ട് കൃഷിഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റി വാങ്ങി വിതരണം ചെയ്യേണ്ടതാണ്. മാത്രമല്ല കേരളത്തിൽ ഉല്പാദിപ്പിക്കുന്നതും കൃഷിവകുപ്പ്, ശുചിത്വമിഷൻ സാക്ഷ്യപ്പെടുത്തിയ ജൈവവളങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്യേണ്ടതാണ്.കാർഷികമേഖലയിൽ മോണിറ്ററിംഗ് സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## 3-9 ഗാർഹിക കുടിവെള്ള കണക്ഷൻ സംബന്ധിച്ച്

2017-18 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ നിർവ്വഹണഉദ്യോഗസ്ഥനായി പ്രോജെക്ട് നമ്പർ SO117/18 പ്രകാരം വികസനഫണ്ടിൽ നിന്നും 30000 രൂപ പിൻവലിക്കുകയും (ബിൽ നമ്പർ 11/17-18 തി.31-3-18) ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി താഴെ പറയുന്ന ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക്

കൈമാറുകയും ചെയ്തിട്ടുണ്ട്.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | തുക |
|---|---|---|
| 1 | പ്രജീഷ് | 5000 |
| 2 | മൊയ്തീൻകുട്ടി | 5000 |
| 3 | ഫാത്തിമ | 5000 |
| 4 | ബിയ്യ | 5000 |
| 5 | സെയ്തലവി | 5000 |
| 6 | അബ്ദുൾ അസീസ് | 5000 |
| | ആകെ | 30000 |

മേൽ പ്രോജെക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകത കാണുന്നു.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ജി ഒ (എംഎസ്) 72/2017 ത.സ്വ.ഭ.വ 29-3-17 പ്രകാരം വാട്ടർ കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ഓരോരുത്തർക്കും സബ്സിഡി തുക നൽകാമെന്ന് വ്യക്തമാക്കുന്നുണ്ട്.എന്നാൽ മേൽ ഗുണഭോക്താക്കളുടെ ഫയലിൽ പ്രസ്തുത രേഖകൾക്കു പകരം പണം അടവാക്കുന്ന കാർഡിന്റെ ഒരു പകർപ്പ് മാത്രമാണ് കാണാൻ കഴിഞ്ഞത്. ഗുണഭോക്താക്കൾ വാട്ടർ അതോറിറ്റിയിൽ പണമടവാക്കിയ രേഖയോ കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റോ ഹാജരാക്കേണ്ടതാണ്.

## 3-10 ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി സംബന്ധിച്ച്

| | |
|---|---|
| വർഷം | 2017-18 |
| പ്രോജെക്ട് നമ്പർ | SO122/18 |
| പ്രോജെക്ടിന്റെ പേര് | ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി |
| അടങ്കൽ | 400000 (വികസനഫണ്ട്) |
| സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | വികസന സ്റ്റാന്റിംഗ് കമ്മിറ്റി<br>1(1)/23-10-2017 |
| നിർവഹണഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |

പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന കാലിവളർത്തൽ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവർക്കാണ് സബ്സിഡിക്ക് അർഹതയുള്ളത്..വികസനഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുക പിൻ വലിക്കുകയും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

| ക്രമനമ്പർ | ബിൽ നമ്പർ/തീയതി | ഗുണഭോക്താക്കളുടെ എണ്ണം | കൈമാറിയ തുക |
|---|---|---|---|
| 1 | 2/17-18 തി.26-2-18 | 10 | 19000 |
| | 4/17-18 തി. 12-3-18 | 23 | 30000 |
| 2 | 6//17-18 തി. 31-3-18 | 24 | 50000 |
| 3 | 7/17-18 തി. 31-3-18 | 24 | 35500 |
| 5 | 8/17-18 തി. 31-3-18 | 6 | 9500 |
| 6 | 9/17-18 തി. 31-3-18 | 43 | 256000 |
| | ആകെ | 130 | 400000 |

മേൽ പ്രോജെക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി ഒ(എം എസ്) 80/2017 തസ്വഭവ തി. 3-4-17 പ്രകാരം ചെറുകിട,നാമമാത്ര കർഷകർക്കുമാത്രമാണ് സബ്സിഡിക്ക് അർഹതയുള്ളത്. എന്നാൽ അർഹത തെളിയിക്കുന്ന രേഖകളൊന്നും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ ഗുണഭോക്താക്കളുടെ ഐഡന്റിറ്റി തെളിയിക്കുന്ന രേഖകളും ലഭ്യമല്ല. .ഗുണഭോക്താക്കൾ കാലിവളർത്തലിൽ ഉപജീവനമാർഗ്ഗം നത്തുന്നവരാണോ എന്നു വ്യക്തമല്ല.

2 പൊതു വിഭാഗത്തിൽപ്പെട്ട വ്യക്തിക്ക് 50% നിരക്കിൽ പരമാവധി സബ്സിഡി നൽകാവുന്നത് 10000രൂപയാണ്.എന്നാൽ ഹംസ എം ടി എന്ന ഗുണഭോക്താവിന് ബിൽ നമ്പർ 2,4,9 എന്നിവ പ്രകാരം 14000 രൂപ സബ്സിഡി അനുവദിച്ചതായി കാണുന്നു.അധിക നിരക്കിൽ അനുവദിച്ച സബ്സിഡി തുക 4000 രൂപ നിർവഹണഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

3 കാലിത്തീറ്റ സർക്കാർ കാലാ കാലങ്ങളിൽ നിശ്ചയിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വാങ്ങണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്.ആയത് പാലിച്ചിട്ടില്ല.

4 ചേണ്ടി ക്ഷീരോല്പ്പാദക സഹകരണസംഘം കാലിത്തീറ്റ വിതരണം ചെയ്തതിന് ജി എസ് ടി രജിസ്ട്രേഷൻ ഇല്ലാത്ത ബില്ലാണ് കർഷകർക്ക് നൽകിയിരിക്കുന്നത്.

5 സബ്സിഡി തുക സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്നതിനു പകരം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറുകയാണ് ചെയ്തിട്ടുള്ളത്.

6 പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

മേൽ സാഹചര്യങ്ങളാൽ 400000-4000=396000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ നമ്പർ 6/19-9-18 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## 3-11 മിനി ഡയറി യൂനിറ്റ് ആധുനികവൽക്കരണം -അപാകതകൾ

| | |
|---|---|
| വർഷം | 2017-18 |
| പ്രോജെക്ട് നമ്പർ | SO100/18 |
| പ്രോജെക്ടിന്റെ പേര് | മിനി ഡയറി യൂനിറ്റ് ആധുനികവൽക്കരണം |
| അടങ്കൽ | 150000 (വികസനഫണ്ട്) |
| സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | വികസന സ്റ്റാന്റിംഗ് കമ്മിറ്റി<br>1(1)/23-10-2017 |
| നിർവഹണഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |

പഞ്ചായത്ത് പരിധിയിൽ വരുന്ന ക്ഷീരകർഷകർക്ക് ക്ഷീരോല്പ്പാദനം വർദ്ധിപ്പിച്ച് അവരുടെ സാമ്പത്തിക ഉന്നമനമാണ് പ്രോജെക്ടിന്റെ ലക്ഷ്യം. താഴെ പറയും പ്രകാരം ഗുണഭോക്താക്കൾ പദ്ധതിയുടെ ഭാഗമായി വിവിധ ഉപകരണങ്ങൾ വാങ്ങിയതിനനുസരിച്ച് അവരുടെ അക്കൗണ്ടിലേക്ക് സബ്സിഡി തുക കൈമാറുകയാണ് ചെയ്തിട്ടുള്ളത്.

| ക്രമനമ്പർ | ബിൽ നമ്പർ/തീയതി | ഗുണഭോക്താവിന്റെ പേര് | കൈമാറിയ സബ്സിഡിതുക | വാങ്ങിയ ഉപകരണം | എണ്ണം | വില |
|---|---|---|---|---|---|---|
| 1 | 5/17-18 തി.12-3-18 | പാത്തുട്ടി കെ കെ | 4250 | പ്രഷർ വാഷർ | 1 | 8500 |
| 2 | | അബ്ദുള്ള പി കെ | 8750 | പ്രഷർ വാഷർ | 1 | 17500 |

| | | | | | | |
|---|---|---|---|---|---|---|
| | | | | സ്ലറി മോട്ടാർ | 1 | |
| 3 | | അലി ടി | 4250 | പ്രഷർ വാഷർ | 1 | 8500 |
| 4 | | സുധാകരൻ | 5000 | സ്റ്റേബിൾ മാറ്റ് | 4 | 10400 |
| 5 | | ഷക്കീബ് പി ടി | 8750 | പ്രഷർ വാഷർ<br>റബ്ബർ മാറ്റ് | 1<br>1 | 17500 |
| 6 | | ഉമ്മർ ഊരോത്തൊടി | 8750 | ഒറിജിനൽ ബില്ല് ഹാജരാക്കിയിട്ടില്ല | - | 17106 |
| 7 | | ഹംസ എം ടി | 5000 | സ്റ്റേബിൾ മാറ്റ് | 4 | 10000 |
| 8 | | സാജിത പി കെ | 2500 | കൗമാറ്റ് | 2 | 5199 |
| 9 | 11/17-18 തി. 31-3-18 | ഹംസ എം ടി | 14325 | പ്രഷർ വാഷർ<br>സ്റ്റേബിൾ മാറ്റ് | 1<br>8 | 28650 |
| 10 | | കദീജ ചെലേക്കോടൻ | 15625 | പ്രഷർ വാഷർ<br>സ്റ്റേബിൾ മാറ്റ് | 1<br>8 | 31250 |
| 11 | 12/17-18 തി.31-3-18 | സുധീഷ്കുമാർ പി | 15000 | പ്രഷർ വാഷർ<br>സ്റ്റേബിൾ മാറ്റ് | 1<br>8 | 30000 |
| 12 | | ഉമ്മർ ഊരോത്തൊടി | 8750 | പ്രഷർ വാഷർ<br>റബ്ബർ മാറ്റ് | 1<br>1 | 17500 |
| 12 | | ഹംസ എം ടി | 4250 | പ്രഷർ വാഷർ | 1 | 8500 |
| 13 | | കദീജ ചെലേക്കോടൻ | 8750 | ഒറിജിനൽ ബില്ല് ഹാജരാക്കിയിട്ടില്ല. | - | 17092 |
| 14 | | അബിദുൾ മജീദ് | 11250 | പ്രഷർ വാഷർ<br>റബ്ബർ മാറ്റ്<br>സ്ലറി മോട്ടോർ | 1<br>4<br>1 | 27100 |
| 15 | | ഹസ്സറലി | 13550 | റബ്ബർ മാറ്റ്<br>പ്രഷർ വാഷർ<br>സ്ലറി മോട്ടോർ | 4<br>1<br>1 | 27100 |
| 16 | | സാജിദ പി ടി | 11250 | പ്രഷർ വാഷർ<br>സ്റ്റേബിൾ മാറ്റ് | 1<br>5 | 22500 |
| | | ആകെ | 150000 | | | |

മേൽ പ്രോജെക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി ഒ(എം എസ്) 80/2017 തസ്വഭവ തി. 3-4-17 പ്രകാരം ചെറുകിട,നാമമാത്ര കർഷകർക്കുമാത്രമാണ് സബ്സിഡിക്ക് അർഹതയുള്ളത്.എന്നാൽ ഗുണഭോക്താക്കളുടെ ഐഡന്റിറ്റി ഉൾപ്പടെ അർഹത തെളിയിക്കുന്ന രേഖകളൊന്നും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.ഗുണഭോക്താക്കൾ കാലിവളർത്തലിൽ ഉപജീവനമാർഗ്ഗം നടത്തുന്നവരാണോ എന്ന വ്യക്തമല്ല.

2 ഗുണഭോക്താക്കൾക്ക് ചുരുങ്ങിയത് അഞ്ച് പശുക്കളെങ്കിലും ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥയുണ്ട്.എന്നാൽ ആയത് തെളിയിക്കുന്ന രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.അപേക്ഷകളും അനുബന്ധ രേഖകളും ഫയലിൽ ഇല്ല.

2 കദീജ ചെലേക്കോടൻ എന്ന ഗുണഭോക്താവിന്റെ പേര് പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ല. ടിയാരിക്ക് ബിൽ നമ്പർ 11 പ്രകാരം 15625 രൂപയും ബിൽ നമ്പർ 12 പ്രകാരം 8750 രൂപയും അനുവദിച്ചിട്ടുണ്ട്.ആയതിനാൽ 15625+8750=24375 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

3 ക്രമനമ്പർ 6 ഉമ്മർ ഊരോത്തൊടി,ക്രമനമ്പർ 16 കദീജ ചേലേക്കോടൻ എന്നിവർ ഒറിജിനൽ ബില്ലുകൾ ഹാജരാക്കിയിച്ചില്ല.അവർക്ക് 8750 രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്.ഒറിജിനൽ ബില്ല് ഹാജരാക്കാതെ സബ്സിഡി തുക കൈമാറിയത് ശരിയായ നടപടിയല്ല.

4 സബ്സിഡി തുക സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകുന്നതിനു പകരം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുകയാണ് ചെയ്തിട്ടുള്ളത്.

5 2017-18 സാമ്പത്തിക വർഷത്തിൽ മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പ് അഞ്ച് തവണ കൂടിയിട്ടുണ്ടെങ്കിലും ഡയറി ഫാം ഇൻസ്ട്രക്ടർ യോഗങ്ങളിൽ പങ്കെടുത്തതായി മിനുട്ട്സ് പ്രകാരം കാണാനില്ല.വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പ്രോജെക്ട് സംബന്ധിച്ച് ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നിട്ടില്ല.

4 പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ 150000-24375= 125625 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.അപാകതകൾ പരാമർശിച്ച നമ്പർ 7/19-9-18 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ഭാവിയിൽ പ്രോജെക്ട് രൂപീകരിക്കുമ്പോൾ വികസനസ്റ്റാന്റിംഗ് കമ്മിറ്റി കാര്യക്ഷമമായ മേൽനോട്ടം വഹിക്കേണ്ടതും മാനദണ്ഡങ്ങൾ പാലിച്ച് പ്രോജെക്ടിന്റെ നിർവ്വഹണം നടത്താൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്.

## 3-12 മൂർക്കനാട് കുടിവെള്ള പദ്ധതി -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

2017 -18 സാമ്പത്തിക വർഷത്തിൽ കുറുവ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജെക്ട് നമ്പർ S0128/18 പ്രകാരം (മൂർക്കനാട് കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ ) കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ 1982000 രൂപ നിക്ഷേപിച്ചിട്ടുണ്ട്.നിർവ്വഹണഉദ്യോഗസ്ഥൻ-സെക്രട്ടറി,കുറുവ ഗ്രാമപഞ്ചായത്ത്.

| ഫണ്ടിന്റെ വിവരം | വൗച്ചർ/ബിൽ നമ്പർ<br>തീയതി | നിക്ഷേപിച്ച തുക | അക്കൗണ്ട് നമ്പർ |
|---|---|---|---|
| തനത് ഫണ്ട് | 21700706/12-1-18 | 999880 | 67000676537 |
| ഫൈനാൻസ് കമ്മീഷൻ ഗ്രാന്റ് | 23/11-1-18 | 982120 | do |
| | ആകെ | 1982000 | |

മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് എക്സിക്യൂട്ടിവ് എഞ്ചിനീയർ തുക കൈപ്പറ്റിയ രശീതി, പ്രവൃത്തിയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നമ്പർ 18/24-9-18 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. രേഖകളുടെ അഭാവത്തിൽ തുക തടസ്സത്തിൽ വെക്കുന്നു.

## 3-13 പാർട്ട് ബിൽ നൽകിയ പ്രവൃത്തികളിൽ നിന്ന് റിട്ടൻഷൻ തുക ഈടാക്കിയില്ല

GO (P) 429/15 തീയ്യതി 28.9.2015 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ പാർട്ട് ബിൽ നൽകുമ്പോൾ ബിൽ

തുകയുടെ 2.5% തുക ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കേണ്ടതും ( റിട്ടൻഷൻ )പെർഫോമൻസ് സെക്യൂരിറ്റിയായി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഓഡിറ്റ് വർഷം 3 പ്രവൃത്തികളുടെ പാർട്ട് ബിൽ നൽകിയപ്പോൾ അപ്രകാരം തുക ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ബിൽ | തുക |
|---|---|---|
| പ്ലാസ്റ്റിക് മാലിന്യം സംസ്കരിക്കുന്നതിനും സംഭരിക്കുന്നതിനും വ്യവസായ പ്ലോട്ടിൽ ഷെഡ് നിർമ്മാണം (217/18).<br>കരാറുകാരൻ ശ്രീ. മുഹമ്മദ് മുസ്ഥഫ | 119/28.3.2018 | 167020 |
| വ്യവസായ പ്ലോട്ടിൽ ചുറ്റുമതിൽ നിർമ്മാണം (270/18)<br>കരാറുകാരൻ. ശ്രീ. വി.പി ഹംസ | 115/22.3.2018 | 1211892 |
| വി.പി.പടി അംഗൻവാടി കെട്ടിട നവീകരണം (153/18)<br>കരാറുകാരൻ. ശ്രീ. മുഹമ്മദ് മുസ്ഥഫ | ചെക്ക് 4542931/27.3.2018 | 296034 |

16 /22.9.2018 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് - ഈ പ്രവൃത്തികളുടെ പാർട്ട് ബില്ലായി തുക നൽകിയത് അത് വരെയുള്ള പ്രവൃത്തികളുടെ മൂല്യ നിർണ്ണയ തുകയിലും വളരെ കുറഞ്ഞ തുകയാണ് എന്നും ഫണ്ടിന്റെ അപര്യാപ്തത കാരണമാണ് കുറഞ്ഞ തുക നൽകാൻ കാരണമെന്നും അത് കൊണ്ടാണ് പാർട്ട് ബില്ലിൽ നിന്ന് റിട്ടൻഷൻ തുക ഈടാക്കാതിരുന്നത് എന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്.

ക്രമ നമ്പർ 2 പ്രകാരമുള്ള പ്രവൃത്തിയുടെ - അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ മുഴുവൻ തുകയും പാർട്ട് ബില്ലായി നൽകിയിട്ടുണ്ട്. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി പൂർണ്ണമായും ശരിയല്ല. പാർട്ട് ബിൽ നൽകുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 വൃദ്ധർക്ക് കട്ടിൽ വിതരണം - മേഖലയിലെ മുൻഗണനയും പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കാതെ പ്രോജക്ട് രൂപീകരിച്ചു

വാർഷിക പദ്ധതിയിൽ വയോജനങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി പൊതുവിഭാഗം ഫണ്ടിന്റെ 5 ശതമാനം തുക വകയിരുത്താൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളതാണ്.ഗ്രാമ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ വയോജനങ്ങളുടെ ക്ഷേമത്തിനായി ഉൾപ്പെടുത്തിയ ഏക പ്രവർത്തനം എസ് സി വികസനം, പൊതുവിഭാഗം ഫണ്ടുകളിൽ നിന്നും 14.5 ലക്ഷം വകയിരുത്തിയ 60 വയസ്സ് കഴിഞ്ഞ വൃദ്ധർക്കുള്ള കട്ടിൽ വിതരണമെന്ന രണ്ട് പ്രോജക്ടുകളാണ്.

ദേശീയ വയോജന നയത്തിനും മാർഗനിർദ്ദേശങ്ങൾക്കും അനുയോജ്യമായ പ്രോജക്ടുകളാണ് ഈ മേഖലയിൽ ഉൾപ്പെടുത്താൻ നിർദ്ദേശമുള്ളത്. ആയുഷുമായി സഹകരിച്ച് വയോജനങ്ങൾക്ക് യോഗപരിശീലനം, വിനോദകേന്ദ്രം ഉൾപ്പെടെയുള്ള വയോജനസൗഹൃദ സംവിധാനങ്ങൾ, നിരന്തരം ഉപയോഗിക്കുന്ന കെട്ടിടങ്ങൾ, ആശുപത്രി പോലുള്ള പൊതുസ്ഥാപങ്ങളിൽ റാമ്പ്, കുടിവെള്ളം തുടങ്ങിയ പ്രത്യേക സൗകര്യങ്ങൾ, പകൽവീടുകളുടെ നിർമ്മാണം, പരിപാലനം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുണ്ട്.

സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പിന്റെ മിനട്സ് പരിശോധിച്ചതിൽ ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് മേഖലയിൽ നടപ്പിലാക്കാനായുള്ള കരട് പ്രോജക്ട് നിർദ്ദേശങ്ങൾ പകൽ വീട് നിർമ്മാണം, കിടപ്പ് രോഗികൾക്ക് ചികിൽസാ ധനസഹായം, മരുന്ന് വിതരണം, പോഷകാഹാര വിതരണം, അനുയോജ്യമായ ഉപകരണങ്ങൾ നൽകൽ, കട്ടിൽ നൽകൽ എന്നിവ ഒരു പരിധിവരെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചുള്ളതാണ്. വയോജന നയത്തിന്റെ ഭാഗമായി ഏർപ്പെടുത്തേണ്ട സംവിധാനങ്ങൾ ഗ്രാമ

പഞ്ചായത്തിൽ പൂർണ്ണമായോ ഭാഗികമായോ നടപ്പിലാക്കിയതായി മേഖലയുമായി ബന്ധപ്പെട്ട അവസ്ഥാ റിപ്പോർട്ട് പരിശോധിച്ചാൽ വ്യക്തമാകുന്നില്ല. ഇതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാനോ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളിലെ മുൻഗണനകൾ പരിഗണിക്കുകയോ ചെയ്യാതെ താഴെ കാണിച്ച പ്രോജക്ടുകളാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയത്.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ(രൂപ) | ചെലവ്(രൂപ) |
|---|---|---|---|
| 231/18 | വൃദ്ധർക്ക് കട്ടിൽ വാങ്ങൽ (എസ് സി) | 498800 | 344080 |
| 276/18 | വൃദ്ധർക്ക് കട്ടിൽ വാങ്ങൽ(ജനറൽ) | 957000 | 934490 |

പൊതുവിഭാഗത്തിൽ നിന്നും 563 ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി 239 പേർക്കാണ് ആനുകൂല്യം നൽകിയത്. ഗുണഭോക്താവാകാനുള്ള മുൻഗണനാ മാനദണ്ഡങ്ങളായി നിശ്ചയിച്ചത് താഴെ കാണിച്ച ഘടകങ്ങളാണ്.

1.പ്രായം 60 വയസ്സ് കഴിഞ്ഞവർ (50 മാർക്ക്)

2.അവശത അനുഭവിക്കുന്നവർ (30മാർക്ക്)

3. ബി പി എൽ (10മാർക്ക്)

4.പഞ്ചായത്തിൽ സ്ഥിരതാമസം (10 മാർക്ക്)

നിശ്ചയിച്ച മുൻഗണനാ മാനദണ്ഡങ്ങളിൽ ക്രമ നമ്പർ 1,3,4 എന്നിവ പൊതുവായി വരുമ്പോൾ ക്രമ നമ്പർ 2 പ്രത്യേകമായി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതായിട്ടുണ്ട്. എന്നാൽ പരിശോധനയിൽ ഉറപ്പ് വരുത്തേണ്ട സവിശേഷമായൊരു മാനദണ്ഡത്തിന് ഉപോൽബലകമായി ഹാജരാക്കേണ്ട രേഖകൾ വ്യക്തമാക്കുകയോ പരിശോധനാ ഘടകത്തിനെ സാധൂകരിക്കാൻ രേഖകളെന്തെങ്കിലും ശേഖരിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ഭൂരിഭാഗം ഗുണഭോക്താക്കളും അവശത അനുഭവിക്കുന്നവരാണെന്ന രീതിയിലാണ് തെരഞ്ഞെടുക്കപ്പെട്ടതും ആനുകൂല്യം കൈപ്പറ്റിയതുമെന്ന് കാണുന്നു.

സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ കരട് പ്രോജക്ട് നിർദ്ദേശങ്ങളും പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങളും പരിശോധിച്ച് മേഖലയിലെ പ്രോജക്ടുകൾ തയ്യാറാക്കി ശുപാർശ ചെയ്യേണ്ട ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി മേഖലയിലെ ആവശ്യങ്ങളുടെ മുൻഗണനകൾ പാലിച്ചോയെന്ന് ഉറപ്പ് വരുത്താതെയാണ് പ്രോജക്ടുകൾ തയ്യാറാക്കി വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ അംഗീകാരത്തിന് നൽകിയത്. അർഹരായ പ്രത്യേക ഗുണഭോക്താക്കളെ മാത്രം ലക്ഷ്യമാക്കി നടപ്പാക്കേണ്ട പ്രോജക്ട് അത്തരത്തിലുള്ള ഗുണഭോക്താക്കളുടെ കൃത്യമായൊരു ഡാറ്റയില്ലാതെ ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾ ഉദാരവൽക്കരിച്ച് തുക വിനിയോഗിച്ചതിലൂടെ പ്രോജക്ടിൽ ലക്ഷ്യപ്രാപ്തി നേടാനായിട്ടില്ലായെന്ന് വിലയിരുത്തുന്നു. ഫണ്ട് വിനിയോഗത്തിൽ ആവശ്യകതകൾക്ക് മുൻഗണന നിശ്ചയിക്കുന്നതിന് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ആവശ്യമായ തിരുത്തൽ നടപടി സ്വീകരിക്കേണ്ടതാണ്.

പ്രോജക്ടിൽ ഗുണഭോക്താക്കളുടെ മുൻഗണനാ മാനദണ്ഡങ്ങളിൽ നിശ്ചിത പ്രായപരിധി, പഞ്ചായത്തിലെ സ്ഥിരതാമസം, ബി.പി.എൽ വിഭാഗം എന്നിവ തെളിയിക്കാൻ രേഖകൾ ഹാജാക്കുമ്പോൾ അവശതയനുഭവിക്കുന്നവർ എന്ന മാനദണ്ഡം കൃത്യമായി പാലിക്കപ്പെടുന്നതിന് ആവശ്യമായ രേഖ നിഷ്കർഷിക്കുകയും ആയത് പരിശോധിക്കപ്പെടുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ ഉറപ്പ് വരുത്തേണ്ടതാണ്.

## 3-15 മരുന്ന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസർ, (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായ " പാങ്ങ് PHCയിലേക്ക് മരുന്ന് വാങ്ങൽ ' എന്ന പദ്ധതി (so 101/2017-18)യുടെ ഭാഗമായി മെയിന്റനൻസ് ഫണ്ടിൽ നിന്ന് 800,000 രൂപ പിൻവലിച്ച് (ബിൽ നം-4/8.02.2018) കെ.എം.എസ്.സി.എൽ തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 51,107 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. അവശേഷിക്കുന്ന 7,48,893 രൂപയുടെ മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എന്ക്വയറിക്ക് ( 9 /19.9.2018)മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക താൽക്കാലികമായി തടസ്സം ചെയ്യുന്നു.

## 3-16 പ്ലാസ്റ്റിക് മാലിന്യം സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും വ്യവസായ പ്ലോട്ടിൽ ഷെഡ് നിർമ്മാണം - യൂണിറ്റ് പ്രവർത്തനക്ഷമമായില്ല

പ്രൊജക്ട് - പ്ലാസ്റ്റിക് മാലിന്യം സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും വ്യവസായ പ്ലോട്ടിൽ ഷെഡ് നിർമ്മാണം (217/18)

വികസന ഫണ്ട് (CFC) - 167020

വികസന ഫണ്ട് (ജനറൽ) 1332980
1500000

പാർട്ട് ബിൽ 119/28.3.2018 167020

വ്യവസായ പ്ലോട്ടിൽ വൈദ്യുതീകരണം (10/18)

വികസന ഫണ്ട് (ജനറൽ) 2043632

ബിൽ 22/11.1.2018 1824702

മേൽ പ്രവൃത്തിക്കായി ഗ്രാമ പഞ്ചായത്ത് 13-ാം വാർഡിലെ വ്യവസായ പ്ലോട്ടിനായി വാങ്ങിയ 5 ഏക്കർ സ്ഥലത്തെ ഒരു ഭാഗത്ത് 16.2X8m വിസ്തീർണ്ണത്തിൽ ഷീറ്റ് മേഞ്ഞ ഒരു ഷെഡ് നിർമ്മിച്ചിട്ടുണ്ട്. ആയതിലേക്ക് വൈദ്യുതി കണക്ഷന് വേണ്ടി ലൈൻ വലിക്കുന്നതിന് 18.25 ലക്ഷം രൂപ KSEB യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുമുണ്ട്. എന്നാൽ പ്രദേശത്തേക്ക് വൈദ്യുതി ലൈൻ എത്തിക്കുന്നതിന് വേണ്ടി പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയ്യതി വരെയും പ്രസ്തുത കെട്ടിടത്തിലേക്ക് വൈദ്യുതി ലഭിച്ചിട്ടില്ല. കൂടാതെ ആവശ്യമായ യന്ത്ര സാമഗ്രികൾ സ്ഥാപിക്കാനും, വെള്ളം ലഭ്യമാക്കാനും നടപടികളൊന്നുമായിട്ടില്ല.

പ്രതീക്ഷിക്കുന്ന പ്ലാസ്റ്റിക് മാലിന്യം, അവ സംസ്കരിക്കുന്നതിനാവശ്യമായ യന്ത്ര സാമഗ്രികളുടെ കപ്പാസിറ്റി, യന്ത്രം സ്ഥാപിക്കുന്നതിനാവശ്യമായ ഏരിയ എന്നിവ വിലയിരുത്തിയാണോ ഷെഡ് നിർമ്മിച്ചത് എന്നതിനുള്ള രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. മാലിന്യ കേന്ദ്രത്തിന്റെ നടത്തിപ്പ് സംബന്ധിച്ചും മാലിന്യം ശേഖരിക്കുന്നതിനും അവ സംസ്കരണ കേന്ദ്രത്തിലേക്ക് എത്തിക്കുന്നത് സംബന്ധിച്ചും ഗ്രാമ പഞ്ചായത്ത് തുടർ നടപടികൾ സ്വീകരിക്കേണ്ടതും മാലിന്യ സംസ്കരണ കേന്ദ്രം പ്രവർത്തനക്ഷമമാക്കുന്നതിന് പ്രത്യക ശ്രദ്ധ പതിപ്പിക്കേണ്ടതുമാണ്.

## 3-17 അസിസ്റ്റന്റ് എഞ്ചിനീയർ - രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സൂക്ഷിക്കേണ്ട പ്രധാനപ്പെട്ട രജിസ്റ്ററുകൾ പലതും നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ, EMD രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല

2. ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവയിൽ എല്ലാ കോളങ്ങളും പൂരിപ്പിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3. ടെണ്ടർ തുറന്ന സമയത്ത് ഹാജരായ കരാറുകാരുടെ ഒപ്പ് ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4. കരാറുകാർക്ക് നൽകുന്ന സെലക്ഷൻ നോട്ടീസ് പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2009.6 നിർദ്ദേശിക്കും

പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപെടുത്തി തയ്യാറാക്കിയതല്ല.

5. പ്രവൃത്തികളുടെ പൂർത്തീകരണത്തെ തുടർന്ന് പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

6. അളവ് പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.1.2017 ലെ ഇ7/11350/15/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതും മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്ററുകൾ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

അപാകതകൾപരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 255000 | പ്രോ.നമ്പർ 22/2017-18 സമഗ്ര നെൽകൃഷി വികസനം | 255000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 255000 | പ്രോ.നമ്പർ 22/2017-18 സമഗ്ര നെൽകൃഷി വികസനം | 255000 | 0 |
| | 420000 | പരിരക്ഷ ഹോംകെയർ 102/2017-18 | 418380 | 1620 |
| | 450000 | പ്രത്യേക പരിഗണനയുള്ള വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 450000 | 0 |
| | 400000 | കുറവ ഗ്രാമീണ ശുദ്ധജല പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 400000 | 0 |
| | 260000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 260000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം. (KSEB, KWA, GWD ഉൾപ്പെടെ)

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|

| | | ചെക്ക് നം. | തുക | | | |
|---|---|---|---|---|---|---|
| കെ എസ് ഇ ബി | വ്യവസായ പ്ലോട്ട് വൈദ്യുതീകരണം കെ എസ് ഇ ബിക്ക് വിഹിതം നൽകൽ | 127 28/12/2017 | 1824702 | 1824702 | പൂർത്തീകരിച്ചു | 0 |
| കേരള വാട്ടർ അതോറിറ്റി | മൂർക്കനാട് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 131/ 29.12.2017 | 1982000 | 1982000 | പൂർത്തീകരിച്ചു | 0 |
| കേരള വാട്ടർ അതോറിറ്റി | കുറുവ ഗ്രാമീണ പദ്ധതിക്ക് ട്രാൻസ്ഫോമർ സ്ഥാപിക്കൽ | 120/ 19.12.2017 | 1000000 | 1000000 | പൂർത്തീകരിച്ചു | 0 |
| കെ എസ് ഇ ബി | കുറുവ ഗ്രാമീണ പദ്ധതിക്ക് ട്രാൻസ്ഫോമർ സ്ഥാപിക്കൽ | 121/ 19.12.2017 | 219662 | 219662 | പൂർത്തീകരിച്ചു | 0 |
| കെ എസ് ഇ ബി | പെരുമ്പള്ളിയാൽ കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ | 133/ 29.12.2017 | 175000 | 175000 | പൂർത്തീകരിച്ചു | 0 |
| കേരള വാട്ടർ അതോറിറ്റി | കുറുവ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 180/ 24.1.2018 | 3971000 | 3971000 | പൂർത്തീകരിച്ചു | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

(i) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽതിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഭവന പദ്ധതി | GO (MS)207/2009 LSGD DT 7/11/2009 | 2802500 | 1400000 | 561000 | 83900 | 839000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12, 2012-13 | 4(1) | 2014-15 | | നിഷ്ക്രിയാസ്തി-അവലോകനം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-8 ചാർജ്, സർചാർജ് നടപടികളുടെ വിവരം

| ക്രമനം | വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ് /സർചാർജ്ജ് വിവരം | തുക | ഈടാക്കിയത് | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| | 1996-97 | 3-5 | ഇ. വനജാക്ഷി | LF 18613/SPL.CELL /SC3/2000 7.1.2002 | 492 | | 492 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 1 | 99-200 | | രജനി.പി. കൃഷി ഓഫീസർ | LF-6614/ special cell /SC-5/2005 /31.5.2006 | 54048 | 0 | 54048 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 2 | 2006-07 | 2-1 | ടി.ദിലീപ് കുമാർ, സെക്രട്ടറി | LF-5211/ special cell /SC-5/2010 /2.5.12 | 7811 | | 7811 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 3 | 2006-07 | 3-11 | ടി.ദിലീപ് കുമാർ, സെക്രട്ടറി | LF-5211/ special cell | 51930 | | 51930 | തുടർനടപടി സ്വീകരിച്ചിട്ടില്ല |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | /SC-5/2010 /2.5.12 | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 120149527 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 82000815 |
| വരവിനങ്ങളിലുള്ള നഷ്ടം | 2448 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 28375 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 42,59,477 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 2448 | | ഉണ്ണികൃഷ്ണൻ. ആർ.പി, സെക്രട്ടറി |
| 3-10 | | 4000 | നസീമ. കെ, ഡി.എഫ്.ഐ |
| 3-11 | | 24375 | നസീമ. കെ, ഡി.എഫ്.ഐ |
| ആകെ | 2448 | 28375 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 1006959 | 1750- ഹബീബ്, സെക്രട്ടറി<br>1005209- ഉണ്ണികൃഷ്ണൻ. ആർ.പി, സെക്രട്ടറി |
| 3-10 | 396000 | നസീമ. കെ, ഡി.എഫ്.ഐ |
| 3-11 | 125625 | നസീമ. കെ, ഡി.എഫ്.ഐ |
| 3-12 | 1982000 | ഉണ്ണികൃഷ്ണൻ. ആർ.പി, സെക്രട്ടറി |
| 3-15 | 748893 | പ്രസന്നകുമാർ, മെഡിക്കൽ ഓഫീസർ (പി.എച്.സി) |
| | 4259477 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും | ഇപ്പോഴത്തെ (ഓഡിറ്റ് | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ഉദ്യോഗപ്പേരും | നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ഉണ്ണികൃഷ്ണൻ. ആർ.പി, സെക്രട്ടറി | സെക്രട്ടറി | രാമചോലപ്പറമ്പിൽ ഹൗസ്, പാങ് പി.ഒ, മലപ്പുറം |
| നസീമ. കെ, ഡി.എഫ്.ഐ | ഡി.എഫ്.ഐ, മങ്കട | കൊളക്കാട്ടിൽ ഹൗസ് ചെമ്മങ്കടവ് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നുള്ള ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാത്ത ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | 21 |
| 1996-97 | എൽ എഫ് എം 14/1383(1)/99 തിയ്യതി07.10.10 | 21 |
| 1997-98 | എൽ എഫ് എം 14/1382/99 തിയ്യതി 07.10.10 | 13 |
| 1998-99 | എൽ എഫ് എം 11/147/04 തിയ്യതി 07.10.10 | 14 |
| 1999-2000 | എൽ എഫ് എം 14/570/03 തിയ്യതി 07.10.10 | 19 |
| 2000-01 | എൽ എഫ് എം 11/573/03 തിയ്യതി 07.10.10 | 25 |
| 2001-02 | എൽ എഫ് എം 12/485/08 തിയ്യതി 07.10.10 | 13 |
| 2002-03 | എൽ എഫ് എം 12/2090/06 തിയ്യതി 07.10.10 | 13 |
| 2003-04 | എൽ എഫ് എം 12/2350/07 തിയ്യതി 07.10.10 | 16 |
| 2004-05 | എൽ എഫ് എം 12/1146/08 തിയ്യതി 07.10.10 | 15 |
| 2005-06 | എൽ എഫ് എം 12/2120/09 തിയ്യതി 07.10.10 | 22 |
| 2006-07 | എൽ എഫ് എം 12/2121/09 തിയ്യതി 07.10.10 | 14 |
| 2007-08 | എൽ എഫ് എം 11/2041/10 തിയ്യതി 18.02.11 | 5 |
| 2008-09 | എൽ എഫ് എം 11/2042/10 തിയ്യതി 11.10.11 | 27 |
| 2009-10,10-11 | എൽ എഫ് എം 11/2189/13 തിയ്യതി 17.01.12 | 22 |
| 2011-12,12-13 | കെ എസ് എ എം പി എം 11/224/15 തിയ്യതി 28.03.15 | 21 |
| 2013-14,14-15 | കെ എസ് എ എം പി എം 11/1431/2016 | 14 |

| | | |
|---|---|---|
| | തിയ്യതി 11.07.16 | |
| 2015-16 | കെ എസ് എ എം പി എം 11/2684/2016 തിയ്യതി 24.10.16 | 14 |
| 2016-17 | കെ എസ് എ എം പി എം 11/142/2017 തിയ്യതി 1.08.17 | 16 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം 2

## 2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. തൊഴിൽ നികുതി, ബിൽഡിങ്ങ് പെർമിറ്റ്, ബിൽഡിങ്ങ് റെഗുലറൈസേഷൻ, വാടക, D&O ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

2. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7ലെ തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്താനായിട്ടില്ല.

3. അഡ്വാൻസ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18ലെ തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്താനായിട്ടില്ല.

4. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS) ഇനത്തിലെ യഥാർത്ഥ വരവ് 13591094 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം തുക 15097484 രൂപയാണ്.

5. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വികസന ഫണ്ട് ചെലവ് 22466860 രൂപയും, മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ആകെ ചെലവ് 4480020 രൂപയും ആണ്. എന്നാൽ വാർഷിക കണക്കിൽ തുക യഥാക്രമം 22865861 രൂപ, 4081019 രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

7. ബാങ്ക് ബുക്കുകളിൽ മാസാന്ത റീ കൺസിലിയേഷൻ നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8. പഞ്ചായത്ത് നൽകിയിട്ടുള്ളതും മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചുവടെ കാണിച്ച ചെക്കുകൾ Liability in respect of state cheques എന്ന ഷീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| അക്കൗണ്ട് | ചെക്ക് നമ്പർ | തുക |
|---|---|---|
| | 641051/30.8.2017 | 50000 |
| 4039 പാങ്ങ് സർവ്വീസ് സഹകരണ ബാങ്ക് | ------/30.8.2017 | 45000 |
| „ | 2013213711/31.3.2016 | 2100 |
| „ | 900774/9.5.2013 | 500 |

9. വിവിധ പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകകൾ, ബന്ധപ്പെട്ട ഏജൻസികളിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയ സാക്ഷ്യപത്രം എന്നിവ ലഭിക്കുന്നതിന് മുമ്പ് തന്നെ അവ ആസ്തിയാക്കി മാറ്റിയാണ് വാർഷിക കണക്കിൽ ഉൾപെടുത്തിയിട്ടുള്ളത്. ഇത്തരം തുകകൾ അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ്

ഏജൻസീസ് എന്ന ശീർഷകത്തിലാണ് ചെലവ് കാണിക്കേണ്ടത്. പ്രൊജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് | തുക | ഫണ്ട് |
|---|---|---|---|
| സെക്രട്ടറി | 10/18 വ്യവസായ പ്ലോട്ട് വൈദ്യുതീകരണം | 1824702 | പദ്ധതി വിഹിതം |
| ,, | 128/18 മൂർഡക്കനാട് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 982120 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ,, | 129/18 കുറുവ ഗ്രാമീണ ശുദ്ധജല പദ്ധതി പമ്പ് സെറ്റ് സ്ഥാപിക്കൽ | 100000 | ,, |
| ,, | 272/18 സമ്പൂർണ്ണ വൈദ്യുതീകരണം വിഹിതം നൽകൽ | 1000209 | തനത് ഫണ്ട് |
| ,, | 279/18 കുറുവ ഗ്രാമീണ ശുദ്ധജല പദ്ധതി പമ്പ് സെറ്റ് സ്ഥാപിക്കൽ | 3571000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

10. വിവിധ ബാങ്ക് / ട്രഷറി അക്കൗണ്ടുകളിലെ നീക്കി ബാക്കി തുകകൾ ചുവടെ കാണും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| അക്കൗണ്ട് | പാസ് ബുക്ക് പ്രകാരം തുക | റീ കൺസിലിയേഷൻ പത്രിക പ്രകാരം പാസ് ബുക്ക് നീക്കിയിരിപ്പ് | കുറിപ്പ് |
|---|---|---|---|
| NO: 9039 പാങ്ങ സർവ്വീസ് സഹകരണ ബാങ്ക് | 12881237 | 12881192 | |
| ട്രഷറി ടി.എസ്. ബി അക്കൗണ്ട് | 3836968 | 3314656 | |

11. സംയുക്ത പ്രൊജക്ടുകൾക്കുള്ള ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക (-) 595746 രൂപയാണ്. എന്നാൽ ട്രഷറി സ്ലോൾ പ്രകാരം തുക 64254 രൂപയാണ്.

12. സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമാക്കിയ വസ്തു നികുതി പിരിവ് സംബന്ധിച്ച പത്രികയിലെ തുകകളും വാർഷിക ധനകാര്യ പത്രികയിലെ തുകകളും തമ്മിൽ ചുവടെ കാണും പ്രകാരംവ്യത്യാസപ്പെട്ടിരിക്കുന്നു.

| തൻവർഷം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ പ്രകാരം | 5713592 | 4930391 | 616924 |
| AFS പ്രകാരം | 5465549 | 4797798 | 701140 |
| കുടിശ്ശിക | | | |
| സഞ്ചയ പ്രകാരം | 4543109 | 3415236 | 1238045 |
| AFS പ്രകാരം | 3965139 | 3228584 | 1133580 |

12. പിരിഞ്ഞ് കിട്ടാനുള്ള വസ്തു നികുതി കുടകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

13. വെറ്ററിനറി സർജൻ, ഹെഡ് മാസ്റ്റർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥൻമാർ TR7A കാഷ് ബുക്ക് ഉപയോഗിക്കുന്നില്ല.

14. അസി. എഞ്ചിനീയർ, ICDS സൂപ്പർവൈസർ, VEO, മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) എന്നീ നിർവ്വഹണ ഉദ്യോഗസ്ഥൻമാർ സബ്സീഡിയറി കാഷ് ബുക്ക് ഉപയോഗിക്കുന്നില്ല.

15. വാർഷിക ധനകാര്യ പത്രികയോടൊപ്പം കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരം ഉൾപെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ, നോട്സ് ഓൺ അക്കൗണ്ട് എന്നിവ ഉൾപെടുത്തിയിട്ടില്ല.

16. ആസ്തി രജിസ്റ്റർ കാലികമാക്കി പ്രിന്റെടുത്ത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

17. മുൻ വാർഷിക കണക്കുകളിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ/എം പി എം.11/1184/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി. 04-07-2018

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6), കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22-05-2018 ലെ (സാധാ) 1413/2018/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കുറുവ ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ കുറുവ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം.